بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 20

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂലായ് 21/ഹി:ശം:1395 വഫാ 21/ഹി:ഖ: 1437 ശവ്വാൽ 15

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂൺ 17ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു 8എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**നാം ആദ്യം മുതൽ അവസാനംവരെ വിശുദ്ധഖുർആൻ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി നിരവധിതവണ പാരായണം ചെയ്തിട്ടുണ്ട്. അതിന്റെ അർഥത്തിൽ നല്ലവണ്ണം ചിന്തിച്ചിട്ടുമുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ സവിശേഷഗുണങ്ങളും അവന്റെ പ്രവർത്തനങ്ങളും എത്രത്തോളം പ്രതിപാദിച്ചിട്ടുണ്ടോ ആ എല്ലാ സവിശേഷ ഗുണങ്ങളുടെയും വർണ്ണിക്കപ്പെട്ട നാമം അല്ലാഹു എന്നതാണെന്ന് അവിതർക്കിതമായ നിലയിൽ നമുക്ക് മനസ്സിലായി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"അവസാനമായി അബ്ദുൽ ഹക്കീംഖാന്റെ മാർഗഭ്രംശത്തിന് കാരണമായിത്തീർന്നതും നബി(സ)തിരുമേനിയെ പിൻപറ്റേണ്ട ആവശ്യമില്ലെന്ന് അയാൾ ധരിക്കാനിടയായതുമായ അക്കാര്യം എന്താണെന്നുകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് വിശുദ്ധഖുർആനിലെ ഒരായത്തിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണയാണ്. അറിവില്ലായ്മയും ചിന്താശൂന്യതയും കൊണ്ടാണ് അതുണ്ടായത്. ആ വചനം ഇതാണ്.

اِنَّ الَّذِيْنَ اٰمَنُوْا وَالَّذِيْنَ هَادُوْا وَالنَّصٰرٰى وَالصّٰبِـِٕيْنَ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَعَمِلَ صَالِحًا فَلَهُمْ اَجْرُهُمْ عِنْدَ رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ۔

തർജമ: ഇസ്ലാമിൽ പ്രവേശിച്ചു കഴിഞ്ഞിട്ടുള്ളവരും യഹൂദികളും ക്രിസ്ത്യാനികളും നക്ഷത്രാരാധകരും, അവരിൽനിന്ന് ആരു അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നുവോ അവരെ അല്ലാഹു നഷ്ടത്തിലാക്കുകയില്ല. അങ്ങനെയുള്ളവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിന്റെ പക്കലുണ്ട്. അവർക്ക് ഒട്ടും ഭയമുണ്ടാകുന്നതല്ല; അവർ ദുഃഖിയ്ക്കുന്നതുമല്ല.

ഇതാകുന്നു അറിവില്ലായ്മയും കുരുട്ട്ബുദ്ധിയും കൊണ്ട്, നബി(സ) തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് അർഥം പറയുന്ന ആയത്ത് അഥവാ വചനം. വ്യസനമെന്നുപറയട്ടെ, ഇക്കൂട്ടർ തങ്ങളുടെ ദോഷപ്രവണമായ ആത്മാവിന് അടിപ്പെട്ട് ഖുർആനിന്റെ ഖണ്ഡിതവും വ്യക്തവുമായ വചനങ്ങളെ എതിർക്കുകയാണ് ചെയ്യുന്നത്. ഇസ്ലാമിൽനിന്ന് പുറത്തുപോകാൻ സദൃശവചനങ്ങളുടെ അഭയം അന്വേഷിക്കുന്നു. ഈ വചനത്തിൽനിന്ന് അവർക്ക് ഒരു പ്രയോജനവും കിട്ടുകയില്ലെന്ന് അവർ ഓർത്തുകൊള്ളട്ടെ. കാരണം അല്ലാഹുവിൽ വിശ്വസിക്കുകയും അന്ത്യദിനത്തിൽ വിശ്വസിക്കുകയും ചെയ്യുക എന്നത് വിശുദ്ധഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കുക എന്ന കാര്യവുമായി അഖണ്ഡിതമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്. ഇതിനുകാരണം അല്ലാഹു, സർവലോകപരിപാലകനും ഭൂമിയും ആകാശവും ആറു ദിവസങ്ങൾക്കൊണ്ടു ഉണ്ടാക്കിയവനും ആദമിനെ സൃഷ്ടിച്ചവനും റസൂൽമാരെ അയച്ചവനും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചവനും പിന്നീട് ഖാത്തമുൽ അമ്പിയാഉം ഖയ്റുർറസൂലുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ സൃഷ്ടിച്ചവനുമായ ഉണ്മയാണ് അല്ലാഹു എന്ന്, അല്ലാഹുതന്നെ തന്റെ പേരിന് വിശുദ്ധ ഖുർആനിൽ നിർവചനം നൽകിയിരിക്കുന്നു എന്നതാണ്. മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്ന നാളാണ് വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ അന്ത്യദിനം. അനന്തരം ഒരു കക്ഷി സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടും. അത് ശാരീരികവും ആത്മീയവുമായ അനുഗ്രഹത്തിന്റെ സ്ഥലമാണ്. ഒരു കക്ഷി നരകത്തിൽ കടത്തപ്പെടും. അത് ശാരീരികവും ആത്മീയവുമായ ശിക്ഷയുടെ സ്ഥലവുമാണ്. പ്രസ്തുത അന്ത്യദിനത്തിൽ വിശ്വസിക്കുന്നവർ ഈ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവർ മാത്രമാണെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമാക്കുന്നു.

അല്ലാഹു അവൻതന്നെ, അല്ലാഹു എന്ന പദത്തേയും അന്ത്യദിനത്തേയും ഇസ്ലാമുമായി പ്രത്യേകപ്പെടുത്തിക്കൊണ്ട് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നിർബന്ധമായും വിശുദ്ധഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കുന്നവരാണ് എന്നർഥം പറയുമ്പോൾ ആ അർഥത്തെ മാറ്റിമറിക്കാൻ ആർക്കും അധികാരമില്ല. വിശുദ്ധഖുർആൻ വിശദീകരിച്ചിട്ടുള്ള അർഥത്തിന് നിരക്കാത്തതും വിരുദ്ധവുമായ അർഥം സ്വന്തം നിലയിൽ കണ്ടുപിടിക്കുകയെന്നത് നമുക്ക് ചേർന്നതല്ല. നാം ആദ്യം മുതൽ അവസാനംവരെ വിശുദ്ധഖുർആൻ ശ്രദ്ധയോടും സൂക്ഷ്മതയോടുംകൂടി നിരവധിതവണ പാരായണം ചെയ്തിട്ടുണ്ട്. അതിന്റെ അർഥത്തിൽ നല്ലവണ്ണം ചിന്തിച്ചിട്ടുമുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ സവിശേഷഗുണങ്ങളും അവന്റെ പ്രവർത്തനങ്ങളും എത്രത്തോളം പ്രതിപാദിച്ചിട്ടുണ്ടോ ആ എല്ലാ സവിശേഷഗുണങ്ങളുടേയും വർണ്ണിക്കപ്പെട്ട നാമം അല്ലാഹു എന്നതാണെന്ന് അവിതർക്കിതമായ നിലയിൽ നമുക്ക് മനസ്സിലായി. ഉദാഹരണത്തിന് അത് പറയുന്നു: اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. الرَّحْمٰنِ الرَّحِيْمِ۔ (എല്ലാ സ്തുതിയും സർവലോകപരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ. കരുണാമയൻ) ഇപ്രകാരം തന്നെ, വിശുദ്ധഖുർആനിറക്കിയത് അല്ലാഹുവാണെന്ന് പറയുന്നതും മുഹമ്മദു റസൂലുല്ലാ(സ)യെ അയച്ചത് അല്ലാഹുവാണെന്ന് വിവരിക്കുന്നതുമായ മറ്റു ധാരാളം വചനങ്ങളുമുണ്ട്. ഖുർആനികമായ സങ്കേതികാർഥത്തിൽ, അല്ലാഹു എന്ന പദത്തിന്റെ ഉള്ളടക്കത്തിൽ ഹദ്റത്ത് മുഹമ്മദ്(സ)നെ അയച്ചത് അവനാണെന്ന് വരുമ്പോൾ, അല്ലാഹുവിൽ വിശ്വസിക്കുന്നവന്റെ വിശ്വാസം വിശ്വസനീയവും നേരായതുമാകണമെങ്കിൽ നബി(സ)തിരുമേനിയിൽ വിശ്വസിച്ചിരിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹു ആ ആയത്തിൽ മൻ ആമനബിർറഹ്മാൻ എന്നോ, മൻ ആമനബിർറഹീം എന്നോ മൻആമനബിൽകരീം എന്നോ അല്ല പറഞ്ഞത്. മറിച്ച് മൻ ആമന ബില്ലാഹി എന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു എന്നതിന്റെ വിവക്ഷിതം പരിപൂർണമായ എല്ലാ സവിശേഷഗുണങ്ങളുടേയും സമ്മേളനകേന്ദ്രമായ ഉണ്മ എന്നാകുന്നു. വിശുദ്ധഖുർആനെ അവൻ ഇറക്കിയെന്നത് അവന്റെ മഹത്തായൊരു സവിശേഷഗുണമാണ്. ഈ രീതിയിൽ നബി(സ) തിരുമേനിയിലും വിശുദ്ധഖുർആനിലും വിശ്വസിച്ചിട്ടുള്ള വ്യക്തിയെ സംബന്ധിച്ചു മാത്രമേ അല്ലാഹുവിൽ വിശ്വസിച്ചിട്ടുള്ള വ്യക്തിയെന്ന് നമുക്ക് പറയാൻ സാധിക്കുകയുള്ളൂ. അപ്പോൾ 'ഇന്നല്ലദീനആമനൂ' എന്നതിന്റെ അർഥമെന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ, അല്ലാഹുവിന്റെ റസൂലിൽ വിശ്വസിക്കാത്തിടത്തോളം അല്ലെങ്കിൽ ആ വിശ്വാസം പൂർണമാക്കാത്തിടത്തോളം കേവലം അല്ലാഹുവിൽ വിശ്വസിക്കുന്നവരുടെ വിശ്വാസം വിശ്വസനീയമല്ലെന്ന് അവർ ഓർമിച്ചുകൊള്ളട്ടെ! വിശുദ്ധഖുർആനിൽ പരസ്പരവിരുദ്ധമായ കാര്യങ്ങളൊന്നുമില്ലെന്ന് അറിയുക. നൂറുക്കണക്കിന് വചനങ്ങളിൽ തൗഹീദ് മാത്രം പോരാ; തന്റെ നബിയിൽ വിശ്വസിക്കേണ്ടത് മോക്ഷപ്രാപ്തിക്ക് നിർബന്ധമാണെന്ന് അല്ലാഹു പറയുമ്പോൾ – ആ നബിയെക്കുറിച്ച് അറിയാത്തവർക്ക് ഇത് ബാധകമല്ല – ഏതെങ്കിലും ഒരായത്തിൽ ഇതിനു വിരുദ്ധമായി വിശുദ്ധഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കേണ്ട ആവശ്യമില്ല, തൗഹീദിലുള്ള വിശ്വാസംകൊണ്ടു മാത്രം മോക്ഷം ലഭിക്കുമെന്ന് അതിനെ ങ്ങനെയാണ് പറയാൻ കഴിയുക? ഈ വചനത്തിൽ തൗഹീദിനെക്കുറിച്ച് ഒന്നും തന്നെ പറഞ്ഞിട്ടില്ലെന്നുള്ളതാണ് ഏറെ വിചിത്രം! ഉദ്ദേശ്യം തൗഹീദായിരുന്നെങ്കിൽ മൻ ആമന ബിത്തൗഹീദി എന്നായിരുന്നു പറയേണ്ടിയിരുന്നത്. എന്നാൽ, ആയത്തിന്റെ വാക്കുകൾ മൻ ആമന ബില്ലാഹി എന്നാണ്. വിശുദ്ധഖുർആനിൽ 'അല്ലാഹു' എന്ന പദം ഏതെല്ലാം അർഥങ്ങളിലാണ് പ്രയുക്തമായിട്ടുള്ളതെന്ന് ചിന്തിക്കാൻ ആമന ബില്ലാഹി എന്ന വാക്കുകൾ നമ്മെ നിർബന്ധിക്കുന്നു. വിശുദ്ധഖുർആൻ അവതരിപ്പിച്ചവനും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ അയച്ചവനും അല്ലാഹുവാണെന്ന്, അല്ലാഹു എന്ന പദത്തിന്റെ ഉള്ളടക്കത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്ന് വിശുദ്ധഖുർആനിൽനിന്ന് നമുക്ക് മനസ്സിലാകുമ്പോൾ അഹങ്കാരം കാണിക്കാതെ വിശുദ്ധഖുർആൻ വിവരിച്ച അർഥത്തെയാണ് നാം സ്വീകരിക്കേണ്ടത്. തൻപോരിമ കൈക്കൊള്ളരുത്."(ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 144-147)

1. തൗഹീദ് മാത്രം മതിയെന്നാണ് ഈ ആയത്തിൽനിന്ന് വ്യക്തമാകുന്നതെങ്കിൽ താഴെ പറയുന്ന ആയത്തിൽനിന്ന് ശിർക്ക് തുടങ്ങിയ എല്ലാ പാപങ്ങളും തൗബയൊന്നും കൂടാതെ പൊറുക്കപ്പെടും എന്ന് സ്ഥാപിതമാകുന്നതാണ്. ആ ആയത്ത് ഇതാണ്: ഖുൽ യാ ഇബാദിയല്ലദീന അസ്റഫൂ അലാ അൻഫുസിഹിം ലാ തഖ്നത്തൂ മിർറഹ്മത്തില്ലാഹി ഇന്നല്ലാഹ യഗ്ഫിറുദ്ദുനൂബ ജമീആ(39:54) വാസ്തവത്തിൽ അങ്ങനെ ഒരിക്കലുമല്ല.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാം: ശാന്തിയുടേയും സമാധാനത്തിന്റേയും മതം

(കഴിഞ്ഞലക്കം തുടർച്ച....)

**സുമയ്യ അദ്നാൻ പഴയങ്ങാടി**

ശ്രീമതി സരോജിനി നായിഡു മനുഷ്യനെ ജന്മതുല്യമായ സാഹോദര്യത്തിൽ ബന്ധിപ്പിക്കുന്ന ഈ ഏകീകരണത്തെക്കുറിച്ച് ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി. "പ്രജായത്ത സിദ്ധാന്തത്തെ പ്രബോധിക്കുകയും പ്രവർത്തനത്തിൽ കൊണ്ടുവരികയും ചെയ്ത ഒന്നാമത്തെ മതം ഇസ്‌ലാമാകുന്നു." പഞ്ചാബിലെ കേളി കേട്ട ഹിന്ദുനേതാവായിരുന്ന ചൗദരി ചോട്ടുറാം 1932-ൽ പ്രസിദ്ധീകരിച്ച 'ആര്യസമാജ് ഔർ അഛൂത്ത ഉദ്ദാർ' എന്ന ലഘുലേഖയിൽ എഴുതിചേർത്ത വാചകങ്ങൾ അതീവ ശ്രദ്ധയർഹിക്കുന്നു. "എല്ലാ മനുഷ്യ ർക്കും സമനിലയിലുള്ള സ്ഥാനം കല്പിക്കുന്ന ഒരേയൊരു മതം ഇസ്‌ലാമാകുന്നു."

സ്വരാജ്യത്തേയും പൊതുവെ മനുഷ്യവംശത്തോടും അഗാധമായ സ്നേഹമുണ്ടാവേണ്ടത് അനിവാര്യമാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. മഹത്തായ രാജ്യത്തിന്റെ പുരോഗതിയും സമൃദ്ധിയും മനസ്സിൽ കണ്ട്, ഇതിനോട് ആത്മാർത്ഥ സ്നേഹവുമുണ്ടായിരിക്കണം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് രാജ്യത്തിനോടുള്ള ദൗത്യം എല്ലായ്പോഴും നിർവഹിച്ചിട്ടുണ്ട്. എല്ലാ തരത്തിലുള്ള തീവ്രവാദത്തിന്റേയും വിപ്ലവത്തിന്റേയും കുഴപ്പത്തിന്റേയും അപകടം പൂർണ്ണമാ യി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ശുദ്ധവും സമാധാനപൂർണവുമാണ്. ഇത് ലോകജനതയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയാണ് ഞങ്ങൾ. മുസ്‌ലിം സമുദായം സ്നേഹത്തിന്റേയും അനുരഞ്ജനത്തിന്റേയും ഐക്യത്തിന്റേയും ധ്വജവാഹകരാണ്. അതുകൊണ്ടാണ് "എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്" എന്നത് ഞങ്ങളുടെ മുദ്രാവാക്യമായത്. ഇക്കാലഘട്ടത്തിലെ 'വാളുകൊണ്ടുള്ള ജിഹാദ്' എന്ന ആശയം പൂർണമായി തെറ്റാണെന്നും അത് നിരാകരിക്കപ്പെടേണ്ടതാണെന്നും ഞ ങ്ങൾ വിശ്വസിക്കുന്നു. ലണ്ടനിലെ തെരുവിൽവെച്ച് നടന്ന നിഷ്കളങ്കനായ ബ്രിട്ടീഷ് സൈനികന്റെ മൃഗീയമായ കൊലപാതകം അടുത്തകാലത്തുണ്ടായ ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇസ്‌ലാമിനെതിരെ മതയുദ്ധം നടത്തുമ്പോൾ മാത്രമാണ് ആയുധപ്രയോഗം അഥവാ ബലപ്രയോഗം എന്നത് അടിവരയിട്ട് മനസ്സിലാക്കേണ്ടതാണ്.

പ്രകൃതിദത്തമായ മാനുഷികബോധങ്ങളെയെല്ലാം ഉത്തേജിപ്പിക്കുകയും അവയെ പ്രകാശിപ്പിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്ന മതമാണ് ഇസ്‌ലാം. മനുഷ്യന്റെ ജന്മം നിർമലവും നിഷ്പാപവുമാണെന്നും പാപിയായിട്ടോ താണവനായിട്ടോ ആരുംതന്നെ ജനിക്കുന്നില്ലെന്നും മനുഷ്യന്റെ കർമങ്ങളാണ് അവനെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതെന്നുമാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്.

ജീവിതം മുഴുവനും ലോകത്ത് സമാധാനം വ്യാപിക്കുവാനായി വിനിയോഗിക്കുകയും ഉന്നതമായ ദൗത്യം നിറവേറ്റി സമാധാനത്തിന്റേയും അനുകമ്പയുടേയും സന്ദേശം കൊണ്ടുവന്ന ആ പരിശുദ്ധപ്രവാചകനെ ലോകജനത തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഒരു നാൾ വരികതന്നെ ചെയ്യും. അതുമാത്രമല്ല, ഈ മഹാനായ ദൂതന്റെ അനുയായികൾ അതേ സ്നേഹരീതിയിൽ, അതിക്രമങ്ങളോടും അനീതിയോടും പ്രതികരിക്കുകയാണെങ്കിൽപിന്നെ ഇസ്‌ലാമിന്നെതിരെ അപവാദമുന്നയിക്കുന്നവർക്ക് അ തിന്റെ സത്യതയും സൗന്ദര്യവും ഒരുനാൾ ബോധ്യപ്പെടുമെന്നതിൽ ഒരു സംശയവുമില്ല. ഇസ്‌ലാം പഠിപ്പിക്കുന്നു. "ബലപ്രയോഗത്തിലൂടെയോ തീവ്രവാദത്തിലൂടെയോ ഒരു സമൂഹത്തെയും കീഴടക്കുവാൻ സാധ്യമല്ല. മറിച്ച്, സ്നേഹത്തിലൂടെ മാത്രമേ അത് സാധിക്കുകയുള്ളൂ."

നമ്മുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന രീതിയിൽ ഉത്കൃഷ്ടമായ നന്മകൾ പ്രദാനം ചെയ്യാൻ ഇസ്‌ലാമിന് കഴിഞ്ഞു. ഇസ്‌ലാംമതത്തിന്റെ അധ്യാപനങ്ങൾ മനുഷ്യന്റെ മനോഘടനയുമായി ബന്ധപ്പെട്ടതാണ്. വിശുദ്ധ ഖുർആൻ ആവർത്തിച്ചുപറയുന്നു. "മനുഷ്യന്റെ മനോഘടനയിൽ വേരുകളുള്ള മതം ലോകത്തേയും കാലത്തേയും ദേശത്തേയും അതിവർത്തിച്ചു നിലകൊള്ളുന്നതായിരിക്കുമെന്ന കാര്യം യഥാർത്ഥത്തിൽ ഇസ്‌ലാം ഊന്നിപ്പറയുന്നു. ഇസ്‌ലാം അവകാശപ്പെട്ടതുപോലെ, അവസാനമായി വെളിപ്പെട്ട മതം എന്ന നിലയ്ക്ക് ഇസ്‌ലാം ഒരു ജനതയെ മാത്രമല്ല അഭിസംബോധന ചെയ്യുന്നത്, സമസ്ത മാനവരാശിയേയുമാണ്. ഇസ്‌ലാമിന്റെ അധ്യാപനസാരവും സമീപനങ്ങളും ഈ ഏകപദത്തിൽ സംക്ഷേപിച്ചിരിക്കുന്നു. മനുഷ്യപുരോഗതിയുടേയും മാനസിക താൽപര്യങ്ങളുടേയും സമസ്ത രംഗത്തും ഇസ്‌ലാം ശാന്തിയും സമാധാനവും ഉറപ്പ് നൽകുന്നു.

സ്വത്യാഗത്തിന്റെ മുൾകിരീടം ചൂടുമ്പോഴും മറ്റുള്ളവരോട് ദയാവായ്പ് കാണിക്കുന്ന ഉദാരതയാണ് സഹിഷ്ണുത. എല്ലാം ക്ഷമിച്ച് ഇസ്‌ലാം പൊറുത്തുകൊടുക്കുന്നു.

"ഇന്നല്ലാഹ മഅസ്സാബിരീൻ" അല്ലാഹു ക്ഷമാശീ ലരുടെ കൂടെയാണ് എന്നതാണ് ഇസ്‌ലാമിന്റെ പാഠം. എത്രതന്നെ ഉപദ്രവിക്കപ്പെട്ടാലും മറ്റുള്ളവർക്കായി സ്വന്തം ഹൃദയങ്ങളെ വികസിപ്പിക്കുകയും നല്ല മരത്തിന്റെ കായ്കനികളെപോലെ മറ്റുള്ളവർക്ക് മധുരം നൽകുകയും ചെയ്യുന്ന ഉദാരമായ ഒരു മനസാണ് ഇസ്‌ലാം നമുക്ക് നൽകിയത്. ലോകമുള്ളിടത്തോളംകാലം ഇസ്‌ലാമാകുന്ന മഹാവൃക്ഷത്തിലെ മധുരഫലങ്ങളായി മറ്റുള്ളവർക്ക് പ്രിയം നൽകാൻ നമുക്ക് സാധിക്കുമാറാകട്ടെ.

നമ്മൾ ഇസ്‌ലാംമതം പിന്തുടരുന്ന നിലയ്ക്ക് ഇതരമതക്കാരേയും മതപ്രവാചകരേയും ബഹുമാനിക്കുവാൻ പഠിക്കണം. എന്നാൽ, മാത്രമേ ലോകത്ത് ശാന്തിയുടേയും സമാധാനത്തിന്റേയും ചുറ്റുവട്ടങ്ങൾ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. നബി(സ) തിരുമേനി മദീനമസ്ജിദിൽ സംസാരിച്ചുകൊണ്ടിരിക്കെ പ്രാർത്ഥന നടത്തുവാൻ പുറത്തുപോകാൻ തുനിഞ്ഞ നജ്റാനിൽ നിന്നു വന്ന ക്രൈസ്തവസംഘത്തിന് താൻ ദൈവാരാധനയ്ക്കായി നിർമ്മിച്ച മസ്ജിദിൽ ഒരു വിരോധവും കൂടാതെ പ്രാർത്ഥന നടത്താൻ അനുവാദം നല്കി. അദ്ദേഹത്തിന്റെ വിശാലഹൃദയത്തിനും അന്യമതസഹിഷ്ണുതയ്ക്കും ഇത് മതിയായ സാക്ഷ്യം വഹിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു. "അദ്ദേഹത്തിന്റെ (ഈ ദൂതൻ) വാക്കിനെ മുൻനിറുത്തി ഞാൻ സത്യം ചെയ്യുന്നു. എന്റെ നാഥാ ഇക്കൂട്ടർ വിശ്വസിക്കാത്ത ജനം തന്നെയാണ്. അതുകൊണ്ട് നീ അവർക്ക് വിട്ടുവീഴ്ച ചെയ്യുക. സമാധാനം എന്ന് പറയുക. പിന്നീട് അവരറിയും."

ഈ വാക്കുകൾ ചിത്രീകരിക്കുന്നത് എല്ലാ മനുഷ്യർക്കുമുള്ള അനുകമ്പയുടെയും കാരുണ്യത്തിന്റെയും ഉറവിടമായിരുന്നു പരിശുദ്ധപ്രവാചകൻ മുഹമ്മദ് നബി(സ) കൊണ്ടുവന്ന അധ്യാപനങ്ങളെന്നാണ്. അങ്ങനെയവ മനുഷ്യരാശിക്ക് സമാധാനത്തിന്റെ മാർഗമായി മാറി. പരിശുദ്ധപ്രവാചകൻ കൊണ്ടുവന്ന സമാധാനസന്ദേശത്തെ നിരാകരിച്ചവർ, അവരെ പരിസഹിക്കുകയും അപമാനിക്കുകയും എതിർത്ത് കുഴപ്പങ്ങളും കലഹങ്ങളും സൃഷ്ടിക്കുകയുണ്ടായി. എല്ലാറ്റിനുമുപരിയായി നബി(സ)തിരുമേനി ദൈവത്തിന് മുമ്പിൽ ഇപ്രകാരം യാചിച്ചു, "ഞാനവർക്ക് സമാധാനം നൽകാനാഗ്രഹിച്ചു. പക്ഷേ, അവർ സമ്മതിച്ചില്ല എന്നുമാത്രമല്ല എന്നിൽ കടുത്ത ദുഃഖവും വേദനയും അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളും തുടർന്നു." എന്നാൽ, അല്ലാഹു പറഞ്ഞു. "എന്തൊക്കെയായാലും നീ അവഗണിച്ചുകൊണ്ട് അവരിൽനിന്നും വിട്ടുനിൽക്കുവിൻ. ലോകത്ത് സമാധാനം സ്ഥാപിക്കുകയും വ്യാപിക്കുകയും ചെയ്യുക എന്നതു മാത്രമാണ് നിയുക്ത കൃത്യം."

മാർമസ്യൂക്ക് പിക്താൾ ഇസ്‌ലാമിക സംസ്കാരത്തെ കുറിച്ച് പറയുന്നത് കാണുക, "ഇസ്‌ലാമിന്റെ നേട്ടങ്ങളായി അവതരിപ്പിക്കുന്ന മഹായുദ്ധങ്ങളാകട്ടെ, സമാധാനമാകട്ടെ അതിനേക്കാളെല്ലാം ഉപരിയായി ഇസ്‌ലാമിന് ഉന്നതമായ ലക്ഷ്യവും വിശാലമായ ഒരു കാഴ്ചപാടുമുണ്ട്. സാർവ്വജനീയമായ വിശ്വസാഹോദര്യത്തിൽ കുറഞ്ഞതൊന്നുംതന്നെ ഇസ്‌ലാം ലക്ഷ്യമാക്കിക്കരുതുന്നില്ല. അതിന്റെയെല്ലാം നേതാവ് പ്രവാചകനായിരുന്നു. മാർഗദർശനം വിശുദ്ധഖുർആനും ലക്ഷ്യം അല്ലാഹുവും ആയിരുന്നു."

മാനവസാഹോദര്യത്തിന്റെ മഹത്തായ സന്ദേശം നൽകിയത് ഇസ്‌ലാംമതമാണ്. നിയമത്തെ അനുസരിക്കുക. അതായത്, രാജ്യത്തിന്റെയും ദൈവത്തിന്റെയും നിയമങ്ങളനുസരിക്കുക എന്നതാണ് അധ്യാപനം. മനുഷ്യസമൂഹത്തോട് അനുകമ്പയോടുകൂടി വിശാലഹൃദയത്തോടെ പെരുമാറുക. ദുഃഖിതനും പീഢിതനും ആശ്വാസം നൽകുക. അങ്ങനെ അതുവഴി ലോകത്ത് ശാശ്വതമായ സമാധാനം കൊണ്ടുവരിക. ഇതാണ് ഇസ്‌ലാമിന്റെ ലക്ഷ്യദൗത്യം. ഇത് നിറവേറ്റാൻ ഓരോ മുസൽമാനും സാധിക്കട്ടെ. വിശുദ്ധഖുർആൻ കൽപിക്കുന്നു. "ഗുണവും ദോഷവും ഒരുപോലെയല്ല. ഉത്തമഗുണങ്ങളെക്കൊണ്ട് ദോഷത്തെ നിരോധിക്കുക, അപ്പോൾ ശത്രുവായുള്ളവൻ ഉറ്റമിത്രമായിടും." എന്നാൽ ഗുണകരമായ ഫലം ചെയ്യുന്നത് സ്നേഹം മാത്രമാണ്. അതിനാലത്രെ സമസൃഷ്ടിസേവനം ഓരോ മുസ്‌ലിമിന്റേയും കർത്തവ്യമായി വിധിക്കപ്പെട്ടിരിക്കുന്നത്."

ലോകമിന്ന് ആഗോളഗ്രാമമായി മാറിയിരിക്കുകയാണ്. അതിനാൽ സമാധാനപ്രചാരണത്തിനായി നമ്മൾ ഒരു മിച്ചുനിൽക്കണം. ഇതിൽ പരാജയപ്പെട്ടാൽ അത് അപായപ്പെടുത്തുക ഒരു പ്രദേശത്തേയോ നഗരത്തേയോ രാജ്യത്തേയോ മാത്രമല്ല മറിച്ച് മുഴുലോകത്തിന്റേയും സമ്പൂർണ്ണ നാശത്തിലേക്ക് അത് നയിക്കും.

കഴിഞ്ഞ രണ്ട് ലോകമഹായുദ്ധങ്ങൾ ക്ഷണിച്ചുവരുത്തിയ നാശങ്ങൾ എണ്ണിയൊതുക്കാനാവുന്നതല്ല. വിലയേറിയ ജീവനുകൾ പൊലിഞ്ഞപ്പോഴും ലോകം കണ്ട മഹായുദ്ധത്തിന്റെ ഭീതി പടർത്തിയ കാഴ്ചയായി മാറി. ഒരു ലോകമഹായുദ്ധമിന്ന് പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അതിന്റെ വിനാശകരമായ പ്രത്യാഘാതങ്ങൾ ഏറെയായിരിക്കുന്നു. അത്തരത്തിലുള്ള നാശത്തിൽനിന്നും നമുക്ക് സ്വയം രക്ഷനേടാം. യുദ്ധത്തിന്റെ ദുരിതാനുഭവങ്ങൾ നയിക്കുന്ന ആഴക്കടലിൽനിന്നും നമ്മുടെ യുവതലമുറയെ നമുക്ക് രക്ഷിക്കാം. ഇപ്പോഴുള്ള ലോകത്തിന്റെ അവസ്ഥ കണക്കിലെടുത്താൽ അത്തരമൊരു അപകടം നമുക്ക് ദർശിക്കാൻ സാധിക്കുന്നു. അത്തരത്തിലൊരു ഫലം കൈക്കൊള്ളുന്നതിനായി ദുരിതം തടയുന്നതിനായി- നമുക്ക് സ്വീകരിക്കാം; നീതിയുടെ, സത്യസന്ധതയുടെ പാതകൾ. നമുക്ക് കൈകോർക്കാം-ലോകസമാധാനം തകർക്കാനാഗ്രഹിക്കുന്നവർക്കെതിരെ ഇസ്‌ലാം എന്ന സമാധാനസന്ദേശത്തെ ലോകത്തിന് കൈമാറാനും എല്ലാ വ്യക്തിക്കും മുസൽമാനെന്ന നിലയിൽ തന്റെ കടമകൾ നിർവ്വഹിക്കാനും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇസ്‌ലാംവിരുദ്ധശക്തികൾ എത്രതന്നെ അപവാദങ്ങൾ സൃഷ്ടിച്ചാലും ഇസ്‌ലാം തന്നെയാണ് ലോകത്തിന് അല്ലാഹുവിന്റെ അടുക്കലേക്കുള്ള വഴി കാണിക്കേണ്ടതും സമാധാനവും ശാന്തിയും നൽകേണ്ടതും.

ഇന്നല്ലെങ്കിൽ നാളെ സമാധാനസംസ്ഥാപനത്തിനുള്ള ജാമ്യം ഇസ്‌ലാം മതമാണെന്ന് മുഴുലോകത്തിനും അംഗീകരിക്കേണ്ടതായി വരും. അല്ലാഹു നമുക്ക് ഈ വിജയത്തിന്റെ ഭാഗമാകാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഒരുപാടിരട്ടി വർദ്ധിച്ചുകാണാനും നമ്മുടെ കർമങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾക്കനുസരിച്ച് വാർത്തെടുക്കാനും മുഴുലോകത്തും ഇസ്‌ലാം എന്ന സമാധാനസന്ദേശം എത്തിക്കാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. (സമാപിച്ചു)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.
**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**നോമ്പ് തഖ്‌വാ അഥവാ ദൈവഭക്തി കരസ്ഥമാക്കുന്നതിനുള്ള മാർഗമാണെന്നതുപോലെ ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗവുമാണ്. റമളാൻമാസത്തെ തഖ്‌വ അഥവാ ദൈവഭക്തി പഠിക്കുന്നതിനും തഖ്‌വയോടുകൂടി ജീവിക്കുന്നതിനും ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള മാർഗമാക്കുന്നതിനും വിനിയോഗിക്കാത്തിടത്തോളം അത് കേവലം ദുആ സ്വീകാര്യതയ്ക്കുള്ള കാരണമാകാവതല്ല.**
**ദുആ സ്വീകാര്യത്തിനുള്ള നിബന്ധനകൾ, അതിന്റെ തത്ത്വം തുടങ്ങിയവയെ കുറിച്ച്**
**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ ചർച്ചയും ജമാഅത്തംഗങ്ങൾക്കുള്ള സുപ്രധാനമായ ഉപദേശങ്ങളും**
**ലാഹോറിലെ രാജ ഗാലിബ് അഹ്മദ് സാഹിബ്, ജർമനിയിലെ മലിക് മുഹമ്മദ് അഹ്മദ് സാഹിബ്**
**എന്നിവരുടെ വിയോഗവും അവരെക്കുറിച്ചുള്ള അനുസ്മരണവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്രിൽ അസീസ്**

**2016 ജൂൺ 17/1395 ഇഹ്സാൻ 17**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔
وَإِذَا سَأَلَكَ عِبَادِيْ عَنِّيْ فَإِنِّيْ قَرِيْبٌ۔ أُجِيْبُ دَعْوَةَ الدَّاعِ إِذَا دَعَانِ۔
فَلْيَسْتَجِيْبُوْا لِيْ وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ (سورة البقرة: 187)

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുമ്പോൾ തീർച്ചയായും ഞാൻ അടുത്തുതന്നെയുണ്ട്. ദുആ ചെയ്യുന്നവന്റെ ദുആക്ക് അവൻ എന്നെ വിളിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി.(2:187)

ഈ വചനം, നോമ്പ് പിടിക്കുന്നതിനുള്ള കല്പന–അതിന്റെ നിബന്ധനകളുടേയും അതിനെ സംബന്ധിച്ചുള്ള കല്പനകളുടേയും ഏകദേശം മധ്യത്തിൽവച്ചുകൊണ്ട് അല്ലാഹു റമളാനും ദുആകളുടെ സ്വീകാര്യതയും തമ്മിലുള്ള പ്രത്യേക ബന്ധത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഈ ബന്ധത്തെ ഇങ്ങനെ വിവരിച്ചിരിക്കുന്നു: "നോമ്പ് തഖ്‌വാ അഥവാ ദൈവഭക്തി പഠിക്കുന്നതിനുള്ള മാർഗമെന്നപോലെ ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗവുമാണ്."(ഹഖാഇഖുൽ ഫുർഖാൻ വാല്യം 1 പേജ് 308)

നോമ്പ്, തഖ്‌വാ അഥവാ ദൈവഭക്തി കരസ്ഥമാക്കുന്നതിനുള്ള മാർഗമാണെന്നതുപോലെ ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗവുമാണ്. റമളാൻമാസത്തെ തഖ്‌വ അഥവാ ദൈവഭക്തി പഠിക്കുന്നതിനും തഖ്‌വയോടുകൂടിജീവിക്കുന്നതിനും ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള മാർഗമാക്കുന്നതിനും വിനിയോഗിക്കാത്തിടത്തോളം അത് കേവലം ദുആ സ്വീകാര്യതയ്ക്കുള്ള കാരണമാകാവതല്ല.

ഈ ചിത്രം ഉണ്ടാകുമ്പോൾ അല്ലാഹുവുമായി റമളാനിൽ ഉണ്ടാക്കിയ ബന്ധം റമളാൻ മാസത്തിൽ മാത്രം ഒതുങ്ങി നില്ക്കാതെ അനശ്വരമായ മാറ്റത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നതായിരിക്കും. അല്ലാഹുവും ഇതുതന്നെ ഈ ആയത്തിലും പറഞ്ഞു, അതായത് താൻ അടുത്താണെന്ന്. നബി(സ) തിരുമേനി പറഞ്ഞു, "ഈ മാസത്തിൽ ശയ്ത്വാൻ ചങ്ങലയ്ക്കിടപ്പെടുന്നു. അല്ലാഹു അടുത്തു വരികയും ചെയ്യുന്നു. ഏറ്റവും താഴത്തെ ആകാശത്ത് വരുന്നു." (ബുഖാരി കിതാബുസ്സൗം ഹദീഥുനമ്പർ 1899)

പക്ഷേ, ആരുടെ അടുത്താണ് വരുന്നത്? അല്ലാഹുവിന്റെ സാമീപ്യത്തെ അനുഭവിക്കുകയും അല്ലെങ്കിൽ അനുഭവിക്കാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി അല്ലാഹു പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നവരുടെ അടുത്താണ് വരുന്നത്. അല്ലാഹുവിന്റെ കല്പന ഫൽയസ്ത്തജീബൂലീ അനുസരിച്ച് പരിശ്രമിക്കുന്നവരുടെ അടുത്താണ് വരുന്നത്. അല്ലാഹുവിന്റെ കല്പനകളെക്കുറിച്ച് ചോദിച്ചറിയുന്നവരുടെ അടുത്താണ് വരുന്നത്. അതനുസരിച്ച് പ്രവർത്തിക്കാമെന്ന് ലബ്ബൈക്ക് പറയുന്നവരുടെ അടുത്താണ് വരുന്നത്. അല്ലാഹു സർവശക്തനാണെന്ന് ദൃഢമായി വിശ്വസിക്കുന്നവരുടെ അടുത്താണ് വരുന്നത്; ഞാൻ അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, അവനുമാത്രം ആയിക്കൊണ്ട് അവനോടു ചോദിക്കുകയാണെങ്കിൽ എന്റെ ദുആ കേൾക്കുന്നതാണ്.

അല്ലാഹു തന്റെ ദാസരുടെ ചോദ്യത്തിന് മറുപടിയായി പറയുന്നു, 'ഞാൻ അടുത്താണ്. ഞാൻ എന്റെ ദാസരുടെ ദുആകൾ സ്വീകരിക്കുന്നു. ഈ മാസത്തിൽ പ്രത്യേകമായ നിലയിൽ നിങ്ങളുടെ അടുത്ത് വന്നെത്തിയിരിക്കുന്നു. എന്നെ വിളിക്കുക. പക്ഷേ, നിങ്ങളുടെ ദുആകൾ സ്വീകരിക്കുന്നതിന് എന്നെ വിളിക്കുന്നതിനുമുമ്പേ ഞാൻ പറഞ്ഞത് കേൾക്കുക എന്ന നിബന്ധനയുണ്ട്. എന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുക. എന്റെ എല്ലാ ശക്തികളുടേയുംമേൽ തികഞ്ഞ ദൃഢവിശ്വാസം കൊള്ളുക. ഈ നിബന്ധനകളനുസരിച്ച് പ്രവർത്തിക്കേണ്ടിവരും.'

തങ്ങൾ ദുആ ചെയ്യുന്നുണ്ടെന്നും ദുആകൾ സ്വീകരിക്കപ്പെടുന്നില്ലെന്നും പറയുന്നവർ എത്രത്തോളം അല്ലാഹുവിന്റെ കല്പനകളനുസസരിച്ച് പ്രവർത്തിക്കുന്നുണ്ട്? എന്ന് ആത്മപരിശോധനയും നടത്തുക. നമ്മുടെ കർമമില്ലെങ്കിൽ, നമ്മുടെ വിശ്വാസം വെറും ആചാരപരമാണെങ്കിൽ അല്ലാഹുവിനെ വിളിച്ചുവെന്നും എന്നാൽ, അവൻ കേട്ടില്ലെന്നുമുള്ള നമ്മുടെ പറച്ചിൽ തെറ്റാണ്.

അല്ലാഹു എന്ത് നിബന്ധനകളാണ് വെച്ചിട്ടുള്ളതെന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "താൻ ആളുകളുടെ വിളി കേൾക്കാൻ അവർ ദൈവഭക്തിയുടേയും ദൈവഭയത്തിന്റേയും അവസ്ഥ ഉണ്ടാക്കണമെന്നാണ് അല്ലാഹു ഒന്നാമതായി വിവരിച്ചിട്ടുള്ളത്."(അയ്യാമുസ്സുൽഹ് റൂഹാനീഖസായിൻ വാല്യം 14 പേജ് 261)

തഖ്‌വ ഉണ്ടാകുകയാണെങ്കിൽ, അല്ലാഹുവിനെ ഭയപ്പെടുകയാണെങ്കിൽ, അല്ലാഹുവിനെ പേടിക്കുകയാണെങ്കിൽ അപ്പോഴാണ് അല്ലാഹു വിളി കേൾക്കുന്നത്. രണ്ടാമത്തെ കാര്യം എന്നിൽ വിശ്വസിക്കുക എന്നതാണ്. എങ്ങനെയുള്ള വിശ്വാസം? അല്ലാഹു ഉണ്ടെന്നുള്ള വിശ്വാസം. സർവശക്തികളും കഴിവുകളും അവനുണ്ടെന്നുള്ള വിശ്വാസം. അല്ലാഹുവിന്റെ അസ്തിത്വവും അവൻ എല്ലാ ശക്തികളും കഴിവുകളും ഉൾക്കൊള്ളുന്നതിന്റെ അനുഭവജ്ഞാനവും മനുഷ്യന് ഉണ്ടായാലും വേണ്ടില്ല, ഉണ്ടായില്ലെങ്കിലും വേണ്ടില്ല, അല്ലെങ്കിൽ അല്ലാഹുവിന്റെ അസ്തിത്വത്തേയും അവൻ എല്ലാ ശക്തികളുടേയും ഉടമയാണെന്നതിനേയും സംബന്ധിച്ച ജ്ഞാനം പ്രദാനം ചെയ്തിട്ടുണ്ടെങ്കിലും വേണ്ടില്ല ഇല്ലെങ്കിലും വേണ്ടില്ല-അദൃശ്യത്തിലുള്ള വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ആദ്യം ഇതുണ്ടാകുകയാണെങ്കിൽ പിന്നീട് അല്ലാഹുവിൽനിന്ന് അവൻ ഉണ്ടെന്നതിനും അവൻ സർവശക്തിയുടേയും ഉടമയാണെന്നതിനും ദുആകൾക്ക് ഉത്തരം നല്കുന്നുവെന്നതിനുമുള്ള അനുഭവജ്ഞാനം ഉണ്ടാകുന്നതാണ്. ആദ്യം മനുഷ്യന് തന്റെ ഈമാൻ സുദൃഢമാക്കേണ്ടിവരും. പിന്നീടാണ് അല്ലാഹു ചുവടുയർത്തുന്നത്. പിന്നീട് തെളിവും ലഭ്യമാകുന്നതാണ്. ദുആ സ്വീകാര്യതയ്ക്കുള്ള നിബന്ധനകൾ, അതിന്റെ അടിസ്ഥാനപരമായ നിയമങ്ങൾ, അതിന്റെ തത്ത്വങ്ങൾ തുടങ്ങിയവയെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ വിശദമായി വിവിധ അവസരങ്ങളിൽ വെളിച്ചം വീശിയിട്ടുണ്ട്.

ഈ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ച് ഉദ്ധരണികളും സമർപിക്കുന്നതാണ്. ഇതുമുഖേന നമ്മൾ ഈ വിഷയത്തിന്റെ ആഴം മനസ്സിലാക്കിക്കൊണ്ട്, റമളാനിൽ അതിനെ ദൈവസാമീപ്യത്തിന്റെ മാർഗം ആക്കിക്കൊണ്ട് നമ്മുടെ അറിവും ജ്ഞാനവും വർധിപ്പിക്കാൻ കഴിയുന്നതാണ്. യഥാർഥഹിദായത്ത്(സന്മാർഗം) പ്രാപിക്കുന്നവരിലും ഉൾപെടാൻ സാധിക്കുന്നതാണ്. റമളാന്റെ യഥാർഥ കൃപാവരവും പ്രാപിക്കാൻ കഴിയുന്നതാണ്. തങ്ങൾ ചെയ്യുന്ന എല്ലാ ദുആകളും നിർബന്ധമായും സ്വീകരിക്കപ്പെടണമെന്നാണ് ചിലയാളുകൾ മനസ്സിലാക്കുന്നത്. ഇതു സംബന്ധമായി ചെറിയ വിവരണം മുമ്പേ ഞാൻ നല്കിക്കഴിഞ്ഞു. അല്ലാഹു ദുആ സ്വീകരിക്കുന്നതിന് ചില നിബന്ധനകൾ വെച്ചിട്ടുണ്ട്. അത് പൂർത്തിയാക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. ദുആ സ്വീകരിക്കുന്നതിനുള്ള നിയമങ്ങളെന്താണെന്നും ചിലപ്പോൾ എല്ലാ നിബന്ധനകളും പാലിക്കുന്നവരുടേയും ദുആ, അവർ ചെയ്യുന്നതുപോലെ സ്വീകരിക്കപ്പെടുകയില്ലെന്നും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:

"ദുആയുടെ തത്ത്വം എന്താണെന്നുവച്ചാൽ അല്ലാഹു ദുആയുടെ സ്വീകാര്യതയിൽ നമ്മുടെ ആശങ്കയ്ക്കും ആഗ്രഹത്തിനും വിധേയനാകുകയില്ല. നോക്കൂ! കുട്ടികൾ തങ്ങളുടെ മാതാക്കൾക്ക് എത്രമാത്രം പ്രിയപ്പെട്ടവരായിരിക്കും. അവർക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകരുതെന്ന് അവർ ആഗ്രഹിക്കുന്നു. എന്നാൽ, കുട്ടി അനാവശ്യമായ നിലയിൽ വാശിപിടിക്കുകയും മൂർച്ചയുള്ള കത്തിയോ പ്രകാശിക്കുന്ന തീക്കനലോ ചോദിക്കുകയാണെങ്കിൽ സത്യമായ സ്നേഹമുണ്ടായിട്ടും യഥാർഥമായ സഹതാപവും ഉണ്ടായിട്ടും തന്റെ കുട്ടി തീക്കനലെടുത്ത് കൈപൊള്ളിക്കാനോ മൂർച്ചയുള്ള കത്തിയെടുത്ത് കൈമുറിക്കാനോ തയ്യാറാകുമോ? ഒരിക്കലുമില്ല. ഈ തത്ത്വത്തിൽനിന്ന് ദുആ സ്വീകാര്യ

തയുടെ തത്ത്വവും മനസ്സിലാക്കാൻ കഴിയുന്നതാണ്."പറഞ്ഞു:"ഇക്കാര്യത്തിൽ എനിക്കുതന്നെയും അനുഭവമുണ്ട്. ദുആയിൽ എന്തെങ്കിലും ഭാഗം ദോഷകരമായിട്ടുണ്ടെങ്കിൽ ആ ദുആ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. നമ്മുടെ അറിവ് ഉറപ്പും ശരിയായിട്ടുള്ളതുമായിരിക്കുകയില്ലെന്ന കാര്യം മനസ്സിലാക്കാൻ കഴിയുന്നതാണ്. ഒരുപാട് ജോലികൾ നമ്മൾ അങ്ങേയറ്റം സന്തോഷത്തോടും അനുഗൃഹീതമെന്ന് മനസ്സിലാക്കിയും ചെയ്യാറുണ്ട്. അതിന്റെ ഫലം വളരെ അനുഗൃഹീതമാണെന്ന് മനസ്സിലാക്കിയിരിക്കുകയും ചെയ്യുന്നു. എന്നാൽ, അവസാനം അത് ഒരു ദുഃഖവും മുസീബത്തുമായി വന്നണയുന്നു. ചുരുക്കത്തിൽ മാനുഷികമായ ആഗ്രഹങ്ങൾ എല്ലാവരിലും ശരിയായി കൊള്ളണമെന്നില്ല.(ഇത് ശരിയാണെന്ന് നമുക്ക് ഒരിക്കലും പറയാനൊക്കുകയില്ല). കാരണം മനുഷ്യൻ തെറ്റിന്റേയും മറവിയുടേയും സംഗമമാണ്.(മറവി മനുഷ്യനിൽനിന്നുണ്ടാകുന്നു. അത് പ്രകൃതിയിലുള്ളതാണ്). അതുകൊണ്ടുതന്നെ ഉണ്ടാവേണ്ടതുമാണ്. ഉണ്ടാകുകയും ചെയ്യുന്നു. ചില ആഗ്രഹങ്ങൾ ദ്രോഹം ചെയ്യുന്നതായിരിക്കും. അല്ലാഹു അത് അംഗീകരിക്കുകയാണെങ്കിൽ അത് കാരുണ്യത്തിന്റെ സ്ഥാനമാനത്തിന് തികച്ചും വിരുദ്ധമായിരിക്കും."

അതുണ്ടാകേണ്ടതാണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നു. പക്ഷേ, ആഗ്രഹം ചിലപ്പോൾ മനുഷ്യന് നഷ്ടമുണ്ടാക്കുന്നതായിരിക്കും. അല്ലാഹു അത് സ്വീകരിച്ചാൽ അല്ലാഹുവിന്റെ റഹ്മത്തിന്റെ സ്ഥാനത്തിന് അവന്റെ ഇക്കാര്യം വിരുദ്ധമായിപ്പോകും. അല്ലാഹു ദുആ ചെയ്യുന്നവനുവേണ്ടി, തന്റെ ദാസർക്കുവേണ്ടി റഹ്മത്താണ് ആഗ്രഹിക്കുന്നത്. അവന്റെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കുകയാണെങ്കിൽ, -അതുമുഖേന അവന് നഷ്ടം ഉണ്ടായാലുംവേണ്ടില്ല-അപ്പോൾ അവന്റെ റഹ്മത്തിന്റെ സ്ഥാനം അവനെതിരായിപ്പോകുന്നതാണ്. പറഞ്ഞു: "അല്ലാഹു തന്റെ ദാസരുടെ ദുആകൾ കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുവെന്നത് സത്യവും ഉറപ്പായതുമായ കാര്യമാണ്. എന്നാൽ, എല്ലാ പച്ചയേയും ഉണങ്ങിയതിനേയുമല്ല. കാരണം ആത്മാവിന്റെ ആവേശത്തള്ളിച്ചയാൽ മനുഷ്യൻ പര്യവസാനത്തെ നോക്കാറില്ല. ദുആ ചെയ്തുകൊണ്ടേപോകുന്നു. യഥാർഥ കാര്യങ്ങൾ അറിയുന്നവനും ദൂരദർശിയുമായ അല്ലാഹു ദുആചെയ്യുന്നവനുണ്ടാകാവുന്ന ദോഷങ്ങളേയും ദുഷ്ഫലങ്ങളേയും മുന്നിൽ വച്ച് ദുആ തടയുന്നു."(മനുഷ്യൻ തന്റെ പര്യവസാനം ശ്രദ്ധിക്കുകയില്ല. എന്നാൽ, മനുഷ്യന്റെ യഥാർഥ ക്ഷേമം ആഗ്രഹിക്കുന്ന അല്ലാഹു - അവന് പര്യവസാനത്തെ കുറിച്ചും അറിവുണ്ട്, എന്താണ് പര്യവസാനം എന്ന് അവന് കാണാനും കഴിയുന്നുണ്ട് -അതിന്റെ നഷ്ടങ്ങളും പോരായ്മകളും ദുഷ്ഫലങ്ങളും മുന്നിൽവച്ച് ദുആ നിഷേധിക്കുന്നു. കാരണം ആ ദുആ നിഷേധിക്കുന്നതിലാണ് ദുആ ചെയ്യുന്നവന് ഗുണമുള്ളതെന്ന് അല്ലാഹു അറിയുന്നതുകൊണ്ടാണ് അത് നിഷേധിക്കുന്നത്.) പറഞ്ഞു:"ഈ നിഷേധിക്കപ്പെട്ട ദുആ തന്നെയാണ് അവന്റെ ദുആ സ്വീകാര്യതയാകുന്നത്." (അത്തരം ദുആ അല്ലാഹു നിഷേധിക്കുമ്പോൾ, സ്വീകരിക്കാതിരിക്കുമ്പോൾ അതു തന്നെയാണ് അല്ലാഹു ദുആ സ്വീകരിച്ചിരിക്കുന്നു എന്നതിന് തെളിവ്. കാരണം ആ ദുആ താൻ സ്വീകരിക്കുന്നത് ഈ മനുഷ്യന് ഗുണകരമല്ലെന്ന് അല്ലാഹു മനസ്സിലാക്കി)."അതുകൊണ്ട് മനുഷ്യൻ അപകടങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും സുരക്ഷിതനായിരിക്കുന്ന ദുആകളാണ് അല്ലാഹു സ്വീകരിക്കുന്നത്. എന്നാൽ, ദ്രോഹമുണ്ടാക്കുന്ന ദുആകളെ തടഞ്ഞുകൊണ്ടും സ്വീകരിക്കുന്നു."(അതായത് ഏതിലാണോ പ്രയോജനമുള്ളത് അത് അതുപോലെ സ്വീകരിക്കുന്നു. ഏതിലാണോ മനുഷ്യനു നഷ്ടമുണ്ടാകുന്നത് അവയെ നിഷേധിക്കുന്നു. അതു സ്വീകരിക്കുകയില്ല. ഇതുതന്നെയാണ് അവന്റെ സ്വീകാര്യത).

അവിടന്ന് പറയുന്നു:"ഉജീബു കുല്ലു ദുആഇക്ക മറ്റു വാക്കുകളിൽ ഇങ്ങനെ പറഞ്ഞുകൊള്ളുക: മനുഷ്യനു പ്രയോജനമുള്ളതും ഫലപ്രദവുമായ കാര്യങ്ങളുള്ള എല്ലാ ഓരോ ദുആയും സ്വീകരിക്കപ്പെടുന്നതാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 106 -107 1985 ലണ്ടൻപതിപ്പ്)

ചോദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രയോജനമുള്ളതും ഫലപ്രദമായിട്ടുള്ളതും സ്വീകരിക്കപ്പെടുന്നതാണ്. സകല ദുആകളും സ്വീകരിക്കപ്പെടുകയില്ല. അല്ലാഹു അവന്റെ വലിയ്യുമാരുടേയും നബിമാരുടേയും ചില ദുആകൾ കേൾക്കുന്നു; ചിലത് കേൾക്കുകയില്ല. എന്തുകൊണ്ട് കേൾക്കുന്നില്ല. അവനറിയാം അത് ഫലപ്രദമല്ലെന്ന്. അല്ലെങ്കിൽ അതിന്റെ ഫലം ഭയാനകമായേക്കാം. കാരണം അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ്. അത് അവൻ നല്ലവണ്ണം അറിയുന്നു.

പിന്നീട് ദുആയ്ക്ക് തന്റെ കർമങ്ങളും വിശ്വാസങ്ങളും നോക്കേണ്ടതും നിർബന്ധമാണെന്ന് വിശദീകരിച്ചുകൊണ്ട് പറയുന്നു: "കർമങ്ങൾകൊണ്ട് പ്രവർത്തിക്കാത്തവൻ ദുആ ചെയ്യുന്നവനല്ലെന്നത് സത്യമായ കാര്യമാണ്." (ദുആ മാത്രമല്ല നിർബന്ധം, കർമങ്ങളും നിർബന്ധമാണ്). "എന്നല്ല, അവൻ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്." (കർമങ്ങളില്ലാതെ വെറും ദുആ മാത്രമാണെങ്കിൽ അത് ദുആ അല്ല. നിങ്ങൾ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്.)"അതുകൊണ്ട് ദുആ ചെയ്യുന്നതിനുമുമ്പേ തങ്ങളുടെ എല്ലാ കഴിവുകളും ചെലവഴിക്കേണ്ടത് നിർബന്ധമാണ്. ആ ദുആയുടെ അർഥമിതാണ്. ആദ്യം മനുഷ്യൻ തന്റെ വിശ്വാസത്തിലും കർമങ്ങളിലും ദൃഷ്ടി വെക്കുക. കാരണം പരിഷ്കരണം കാര്യകാരണങ്ങളുടെ രീതിയിലാണ് ഉണ്ടാകുന്നതെന്നത് അല്ലാഹുവിന്റെ നടപടി ക്രമമാണ്."(പരിഷ്കരണം ഉണ്ടാകുന്നു. അതിന് ചില കാരണങ്ങൾ നിലവിലുണ്ടാകേണ്ടതാണ്). "പരിഷ്കരണത്തിന് കാരണമാകുന്ന എന്തെങ്കിലും ഹേതു അവൻ ഉണ്ടാക്കുന്നു. ദുആ ചെയ്ത സ്ഥിതിക്ക് ഇനി കാര്യഹേതുക്കളുടെ ആവശ്യമെന്താണെന്ന് ചോദിക്കുന്നവർ ഈ സ്ഥാനത്ത് അല്പം ചിന്തിക്കുക." (ദുആ ചെയ്തുകഴിഞ്ഞിരിക്കുന്നു ഇനി കാര്യഹേതുക്കളുടെ ആവശ്യമില്ല). "ദുആ തന്നെയും ഒരു മറഞ്ഞ കാരണമല്ലേ എന്ന് ആ അജ്ഞൻ ചിന്തിച്ചുനോക്കട്ടെ." (ദുആയും ഏതെങ്കിലും ജോലി ചെയ്യുന്നതിന് ഒരു മറഞ്ഞിരിക്കുന്ന കാരണമാണ്. അത് ആ ജോലി ചെയ്യാൻ കാരണമായിത്തീരുന്നു). "അത് മറ്റു കാര്യഹേതുക്കളേയും ഉണ്ടാക്കുന്നു." (ദുആ മുഖേന-ദുആതന്നെയും ഒരു കാരണമാണ്. ഒരു കാരണമായിത്തീരുന്നു. ഈ കാരണം ദുആ സ്വീകരിക്കപ്പെടുമ്പോൾ ആ ജോലി ചെയ്യുന്നതിന് മറ്റൊരു കാരണം ഉണ്ടാകുന്നു.) ഒരു കർഷകന് കടത്തിന്റെ ആവശ്യമുണ്ട്. പണത്തിന്റെ ആവശ്യമുണ്ട്. ആരുടെയെങ്കിലും സഹായത്തിന്റെ ആവശ്യമുണ്ട്. അപ്പോൾ അല്ലാഹു ഏതെങ്കിലും മാർഗത്തിലൂടെ അവന് അത് സംഘടിപ്പിച്ചുകൊടുക്കുന്നതാണ്. അവന് മാർഗങ്ങൾ എളുപ്പമാക്കിക്കൊടുക്കുന്നതാണ്. ആകാശത്തുനിന്ന് ഒരു സാധനവും ഇറ്റുവീഴുകയില്ല. ആർക്കെങ്കിലും പണത്തിന്റെ ആവശ്യമുണ്ടെങ്കിൽ ആകാശത്തുനിന്നിറങ്ങി വരികയില്ല. മറിച്ച് എന്തെങ്കിലും മാർഗമുണ്ടാകുന്നതാണ്. അക്കാരണം ദുആ മുഖേന അല്ലാഹു ഉണ്ടാക്കിയതാണ്." പറഞ്ഞു: "ദുആ വാക്യമായ ഇയ്യാക്ക നഅ്ബുദു ഇയ്യാക്ക നസ്തഈനുമുമ്പേ ഇയ്യാക്ക നഅ്ബുദു എന്നു പറഞ്ഞത് ഇക്കാര്യം പ്രത്യേകമായും വിശദീകരിക്കുന്നു." (ആദ്യം പറഞ്ഞത് ഇയ്യാക്ക നഅ്ബുദു എന്നാണ്. പിന്നീടാണ് നിന്നോടു സഹായം തേടുന്നു എന്നുള്ളത്. ദുആ ചെയ്യുന്നു, അതിനോടൊപ്പം സഹായവും തേടുന്നു. കാര്യഹേതുക്കളിലേക്കുള്ള ശ്രദ്ധയാണ് ദുആയോടൊപ്പമുള്ള സഹായം തേടൽ. ആ ശ്രദ്ധയും നടക്കുന്നു). "ചുരുക്കത്തിൽ അല്ലാഹുവിന്റെ നടപടിക്രമം നമ്മൾ ഇങ്ങനെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അവൻ കാര്യഹേതുക്കൾ ഉണ്ടാക്കിത്തരുന്നു. നോക്കൂ! ദാഹം ശമിപ്പിക്കുന്നതിനുവേണ്ടി വെള്ളവും വിശപ്പ് അകറ്റുന്നതിനുവേണ്ടി ഭക്ഷണവും ലഭ്യമാക്കുന്നു; എന്നാൽ, കാര്യഹേതുക്കളിലൂടെ."(എന്തെങ്കിലും മാർഗമുണ്ടാക്കുന്നു). "അതിനാൽ കാര്യഹേതുക്കളുടെ ഈ പരമ്പര അങ്ങനെ നടന്നുവരുന്നു. കാര്യഹേതുക്കളുടെ സൃഷ്ടിപ്പ് തീർച്ചയായുമുണ്ടാകുന്നു."(കാരണം ഉണ്ടാകുന്നു). "എന്തുകൊണ്ടെന്നാൽ, അല്ലാഹുവിന്റെ രണ്ടു നാമങ്ങളാണ് കാനല്ലാഹു അസീസൻ ഹക്കീമാ. അസീസ് എന്നത് എല്ലാ ജോലിയും ചെയ്യുക എന്നതാണ്."(പ്രതാപവാനാണ്. ശക്തിയുള്ളവനാണ്. എല്ലാ ജോലിയും ചെയ്യാൻ സാധിക്കുന്നവനാണ്. ചെയ്തുതരുന്നവനാണ്). "ഹക്കീം എന്നാൽ, എല്ലാ ജോലിയും സന്ദർഭത്തിനും സാഹചര്യത്തിനും ചേർന്ന വിധം ഏതെങ്കിലും യുക്തികൊണ്ട് ഉചിതമായും യോജിച്ച നിലയിലും ചെയ്യുക. നോക്കുക! സസ്യങ്ങളിലും ഖരപദാർഥങ്ങളിലും പലതരത്തിലുള്ള പ്രത്യേകതകളാണ് വെച്ചിട്ടുള്ളത്. 'തുർബുദ്' തന്നെ നോക്കുക. ഒന്നു രണ്ടു തോല കഴിച്ചാൽത്തന്നെ അത് വയറ്റിളക്കമുണ്ടാക്കും. അങ്ങനെത്തന്നെയാണ് സഖ്മൂനിയായും. വയറ്റിളക്കം പിടിപെട്ടാലും അല്ലെങ്കിൽ ദാഹമുണ്ടായാലും വെള്ളം കൂടാതെതന്നെ അത് ശമിപ്പിക്കാൻ കഴിവുള്ളവനാണ് അല്ലാഹു."(വെള്ളം കൂടാതെ ദാഹം ശമിക്കുക). "എന്നാൽ, ശക്തിപ്രഭാവത്തിന്റെ അത്ഭുതങ്ങളെക്കുറിച്ച് അറിവുണ്ടാക്കിക്കൊടുക്കേണ്ടതും അനിവാര്യമായിരുന്നു. കാരണം ശക്തിപ്രഭാവങ്ങളുടെ അത്ഭുതങ്ങളുടെ അറിവ് എത്രത്തോളം വിശാലമാകുന്നുവോ അത്രത്തോളം മനുഷ്യൻ അല്ലാഹുവിന്റെ വിശേഷ ഗുണങ്ങളെക്കുറിച്ച് അറിഞ്ഞ് സാമീപ്യം കരസ്ഥമാക്കുന്നതിന് അർഹനായി തീരുന്നു."(മൽഫൂദാത്ത് വാല്യം 1 പേജ് 124-125 1985 ലണ്ടൻ പതിപ്പ്).

"അല്ലാഹു ഉണ്ടാക്കിയിട്ടുള്ള സാധനസാമഗ്രികളുടെ സവിശേഷതകളുടേയും അവയുടെ പ്രത്യേകതകളുടേയും അറിവുനല്കുക എന്നതും അല്ലാഹുവിന് നിർബന്ധമാണ്; അതും അല്ലാഹു ഉണ്ടാക്കിയിട്ടുള്ള വസ്തുക്കളാണെന്ന്." പറഞ്ഞു:"അല്ലാഹു എന്തൊന്ന് സൃഷ്ടിച്ചുവോ അവയെ കുറിച്ചുള്ള അറിവ് വർധിക്കുമ്പോൾ എത്രയെത്ര അറിവ് വർധിക്കുമോ അത്രമാത്രം അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ചും അറിവുണ്ടാകുന്നു. മനുഷ്യന് അതിന്റെ ഗ്രാഹ്യം കരസ്ഥമാകുന്നു. അവൻ അതിന്റെ ഗ്രാഹ്യം മനസ്സിലാക്കാൻ അർഹനായിത്തീരുന്നു. ഇത് തന്നെയാണ് ഒരു മതനിഷ്ഠയുള്ള വ്യക്തിയുടെ ജോലി. ഒരു നിരീശ്വരൻ തന്റെ അറിവ് എന്തൊക്കെയോ ആണെന്ന് ധരിക്കുന്നു. പക്ഷേ, ഒരു മുഅ്മിൻ ആ അറിവ് വർധിക്കുന്നതോടെ അല്ലാഹുവിന്റെ സിഫത്തുകളും അവന്റെ കഴിവുകളും അറിയുന്നവനായിത്തീരുന്നു."

പിന്നീട് ദുആയുടെ തത്ത്വത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് ഇങ്ങനെ വിവരിക്കുകയുണ്ടായി: "നോക്കൂ! ഒരു കുഞ്ഞ് വിശപ്പുകൊണ്ട് പിടയ്ക്കുകയാണ്. വാവിട്ട് പാലിനുവേണ്ടി നിലവിളിക്കുകയും മുറവിളി കൂട്ടുകയും ചെയ്യുന്നു. അപ്പോൾ മാതാവിന്റെ മുലയിൽ പാല് അലയടിച്ചുയരുന്നു. വാസ്തവത്തിൽ കുട്ടി ദുആയുടെ പേരുപോലും അറിയുന്നില്ല. എന്നാൽ, അവന്റെ വാവിട്ടുള്ള നിലവിളി പാലിനെ ആകർഷിച്ചുകൊണ്ടുവരാനുള്ള കാരണമെന്താണ്? ഇക്കാര്യം എന്നു പറയുന്നത് പൊതുവെ എല്ലാ ആളുകൾക്കും അനുഭവമുള്ളതാണ്. ചിലപ്പോൾ ഉമ്മമാർ തങ്ങളുടെ മുലകളിൽ പാലുണ്ടെന്ന് അറിയുകപോലുമുണ്ടാകുകയില്ല. ചിലപ്പോൾ പാലുണ്ടാകുകയുമില്ല. എന്നാൽ, കുട്ടിയുടെ വാവിട്ടുള്ള നിലവിളി മാതാവിന്റെ ചെവിയിൽ വന്ന് പതിയുമ്പോൾ ക്ഷണത്തിൽ പാല് ചുരത്തുന്നതായി കാണുന്നു. കുട്ടിയുടെ ആ നിലവിളിക്ക് പാലിന്റെ ആകർഷണത്തോടും വലിവിനോടും ഒരു സ്നേഹബന്ധമുണ്ട്. ഞാൻ സത്യമായും പറയുന്നു: അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്മുടെ വാവിട്ടുള്ള നിലവിളി ഇങ്ങനെ പൊറുതിമുട്ടിയ നിലയിലുള്ളതാണെങ്കിൽ അവന്റെ കൃപാകടാക്ഷവും കാരുണ്യവും ആവേശം പകരുന്നതാണ്. അങ്ങനെ പാലിനെ വലിച്ചുകൊണ്ടുവരുന്നു."(മൽഫൂദാത്ത് വാല്യം 1 പേജ് 198, 1985 ലണ്ടൻ പതിപ്പ്).

അത് കൂടുതൽ വിശദീകരിച്ചുകൊണ്ട് കുഞ്ഞി

**ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ):**

**വസ്സിഅ് മക്കാനക്ക**

"നീ നിന്റെ ഭവനം വിശാലമാക്കുക."

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ന്റേയും അമ്മയുടേയും ഉദാഹരണം അവിടന്ന് നല്കി. ഇത് ദുആയുടെ തത്ത്വമാണ്. അതിനു വിധേയമായി ചോദിക്കുക എന്നത് മനുഷ്യന്റെ പ്രത്യേകതയായിരിക്കേണ്ടതാണ്. അതുകഴിഞ്ഞാൽ അല്ലാഹു അവനെ സ്വീകാര്യതയുടെ ദൃശ്യവും കാണിക്കുന്നു. അവിടന്ന് പറയുന്നു:

"ചോദിക്കുക എന്നത് മനുഷ്യന്റെ പ്രത്യേകതയാണ്. സ്വീകരിക്കുക എന്നത് അല്ലാഹുവിന്റേതും. അത് മനസ്സിലാക്കാത്തവനും അംഗീകരിക്കാത്തവനും കള്ളനാണ്. കുഞ്ഞിന്റെ ഉദാഹരണം ഞാൻ വിവരിക്കുകയുണ്ടായി. അത് ദുആയുടെ തത്ത്വശാസ്ത്രം നല്ലവണ്ണം പരിഹരിച്ച് കാണിക്കുന്നുണ്ട്. റഹ്മാനിയ്യത്തും റഹീമിയ്യത്തും രണ്ടല്ല. ആരാണോ ഒന്നിനെ വിട്ട് മറ്റതിനെ ആഗ്രഹിക്കുന്നത് അവന് ലഭിക്കുകയില്ല." (റഹീമിയ്യത്തിനെ എടുക്കുന്നതിന് റഹ്മാനിയ്യത്തിനെ ഉപേക്ഷിക്കുകയാണെങ്കിൽ അത് നടക്കുകയില്ല). "റഹ്മാനിയ്യത്തിന്റെ തേട്ടം എന്നു പറയുന്നത് അത് നമ്മിൽ റഹീമിയ്യത്തിൽനിന്ന് കൃപാവരം എടുക്കുന്നതിനുള്ള ശക്തി ഉണ്ടാക്കുക എന്നതാണ്."(അല്ലാഹുവിന്റെ റഹീമിയ്യത്ത് ഉണ്ടല്ലോ, അവനോടു ചോദിക്കുന്നതിനുള്ള ശക്തികളുണ്ടല്ലോ ആ റഹ്മാനിയ്യത്തിന്റെ ശക്തി അവനിലുണ്ടാകുന്നു). "അങ്ങനെ ചെയ്യാത്തവൻ അനുഗ്രഹത്തെ നിഷേധിക്കുന്നവനാണ്."(അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവനാണ്) "നീ പ്രദാനം ചെയ്തിട്ടുള്ള ബാഹ്യമായ സാധനസാമഗ്രികളുടേയും കാര്യഹേതുക്കളുടേയും ഇളവുകൊണ്ട് ഞങ്ങൾ നിന്നെ ആരാധിക്കുന്നു എന്നാണ് ഇയ്യാക്ക നഅ്ബുദു എന്നതിന്റെ അർഥം."(ഞങ്ങൾ ആരാധിക്കുന്നു. ബാഹ്യമായ കാര്യകാരണങ്ങളുടെ ഒരു കാരണം ദുആയുമാണ്. രണ്ടാമത്തേത് അക്കാര്യങ്ങളെ പ്രവർത്തിപ്പിക്കുന്നതിന്, നമുക്കുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവൃത്തിയാണ്). "നോക്കൂ! ഞരമ്പുകളും നാഡികളുംകൊണ്ട് സൃഷ്ടിച്ചിട്ടുള്ള ഈ നാവ്." (അതിൽ നാവുണ്ട്. അതിൽ ഞരമ്പുകൾ ഉണ്ടാക്കപ്പെട്ടിരിക്കിന്നു. അതിൽ തുപ്പുനീരുണ്ട്. അത് അതിനുള്ളിലാണ്) "അതങ്ങനെ അല്ലായിരുന്നെങ്കിൽ നമുക്ക് സംസാരിക്കാൻ സാധിക്കുമായിരുന്നില്ല."(നാവ് വരണ്ടുപോയാൽ മനുഷ്യന് സംസാരിക്കാൻ കഴിയുകയില്ല. നാവിന്റെ ഏതെങ്കിലും ഭാഗം വലിഞ്ഞുപോയാൽ അവിടെ അത് ഉറച്ചുപോകുന്നു). പറഞ്ഞു: "അങ്ങനെയുള്ള നാവ് ദുആ ചെയ്യുന്നതിനുവേണ്ടിയാണ് പ്രദാനം ചെയ്തിട്ടുള്ളത്. അത് മനസ്സിന്റെ വികാരവിചാരങ്ങൾവരെ വെളിപ്പെടുത്തുന്നതിന്."(നാവു നല്കിയതെന്തിനാണ്, മനസ്സിലെ വിചാരങ്ങൾ പ്രകടിപ്പിക്കുന്നതിന്. അതുമുഖേന മനുഷ്യന് സംസാരിക്കാൻ കഴിയണം.) "നമ്മൾ ദുആയുടെ ജോലി നാവുകൊണ്ട് ഒരിക്കലും എടുക്കുന്നില്ലെങ്കിൽ അത് നമ്മുടെ ദൗർഭാഗ്യമാണ്. ഒരുപാട് രോഗങ്ങളുണ്ട്. അത് നാവിനെ ബാധിച്ചാൽ ക്ഷണത്തിൽ അത് തന്റെ ജോലി ഉപേക്ഷിച്ച് കുത്തിയിരിക്കുന്നു. എത്രത്തോളമെന്നാൽ മനുഷ്യൻ മൂകനായിപ്പോകുന്നു. അതിനാൽ നമുക്ക് നാവു നല് കിയിരിക്കുന്നു എന്നത് എങ്ങനെയുള്ള റഹീമിയ്യത്താണ്! ഇപ്രകാരംതന്നെയാണ് ചെവിയുടെ ഘടനയിൽ വ്യത്യാസം വന്നാൽ കാലടി ശബ്ദംപോലും കേൾക്കുകയില്ല. അതുപോലെതന്നെയാണ് ഹൃദയത്തിന്റെ അവസ്ഥയും. ഭയഭക്തിയുടേയും വിനയത്തിന്റേയും അവസ്ഥ വെച്ചിട്ടുള്ളതും ചിന്തിക്കാനും ആലോചിക്കാനുമുള്ള കഴിവുകൾ വെച്ചിട്ടുള്ളതും ഇങ്ങനെ തന്നെയാണ്. എന്നാൽ, അസുഖം പിടിപെട്ടാൽ ഏകദേശം എല്ലാം പാഴായിപ്പോകുന്നതാണ്. ഭ്രാന്തന്മാരെ നോക്കുക, അവരുടെ കഴിവുകൾ എങ്ങനെയാണ് പാഴായിപ്പോകുന്നത്. അപ്പോൾ നമ്മൾ ആ ദൈവദത്തമായ അനുഗ്രഹങ്ങളെ വിലമതിക്കേണ്ടത് നിർബന്ധമല്ലേ? അല്ലാഹു തന്റെ തികഞ്ഞ കൃപാകടാക്ഷത്താൽ നമുക്കു പ്രദാനം ചെയ്തിരിക്കുന്ന ആ കഴിവുകളെ പാഴാക്കിക്കളയുകയാണെങ്കിൽ നമ്മൾ അനുഗ്രഹങ്ങൾ നിഷേധിക്കുന്നവരാണെന്നതിൽ സംശയമൊന്നുമില്ല."(അപ്പോൾ തീർച്ചയായും നമ്മൾ അല്ലാഹുവിന്റെ നിഅ്മത്തുകളെ നിഷേധിക്കുന്നവരാണ്. നന്ദികെട്ടവരാണ്). "അതിനാൽ നമ്മൾ നമ്മുടെ കഴിവുകളേയും ശക്തികളേയും വിട്ടുംകൊണ്ട് ദുആ ചെയ്യുകയാണെങ്കിൽ ആ ദുആ ഒരു ഫലവും നല്കുകയില്ല."(അല്ലാഹു നല്കിയിരിക്കുന്ന ശക്തികളേയും കഴിവുകളേയും കാര്യകാരണബന്ധത്തിലേക്ക് ശ്രദ്ധിക്കാനുള്ള കല്പനകളേയും പ്രയോഗത്തിൽ കൊണ്ടുവരിക. എന്നിട്ട് ദുആ ചെയ്യുക. ഇതുകൂടാതെയാണെങ്കിൽ ദുആ ഒട്ടും ഫലം ചെയ്യുകയില്ല). "കാരണം ആദ്യം പ്രദാനം ചെയ്തതിൽനിന്ന് നമ്മൾ ഫലമെടുക്കാത്തതിനാൽ രണ്ടാമത്തതിനെ എപ്പോഴാണ് നമുക്കുവേണ്ടി ഫലപ്രദവും പ്രയോജനപ്രദവുമാക്കാൻ കഴിയുക?"(മൽഫൂദാത്ത് വാള്യം 1 പേജ് 130–131 1985 ലണ്ടൻ പതിപ്പ്) അല്ലാഹു കാര്യഹേതുക്കൾ ഉണ്ടാക്കിയിരിക്കുന്നു എന്നതും അല്ലാഹുവിന്റെ സംഭാവനയാണ്. അവയെ പ്രയോജനപ്പെടുത്തുകയും പിന്നീടു ദുആ ചെയ്യുകയും ചെയ്യുമ്പോഴാണ് നമുക്കത് ഫലപ്രദമാകുന്നത്.

പ്രകൃതിനിയമത്തിൽ ദുആ സ്വീകാര്യതയുടെ ഉദാഹരണമുണ്ടെന്ന് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ചുരുക്കത്തിൽ പ്രകൃതിനിയമത്തിലും ദുആ സ്വീകാര്യതയ്ക്കുള്ള ഉദാഹരണങ്ങളുണ്ട്. ഓരോ കാലഘട്ടത്തിലും അല്ലാഹു ജീവസുറ്റ മാതൃകകൾ അയക്കുന്നു. അതുകൊണ്ടാണ് അവൻ ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം എന്ന് ദുആ ചെയ്യാൻ പറഞ്ഞിട്ടുള്ളത്. ഇത് അല്ലാഹുവിന്റെ ഉദ്ദേശ്യവും നിയമവുമാണ്. അതിനെ മാറ്റിമറിക്കാനാരുമില്ല. ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം എന്ന ദുആയിലുള്ളത് നമ്മുടെ കർമങ്ങളെ തികവുറ്റതും പൂർണവുമാക്കുക എന്നാണ്."(അതായത് നമ്മുടെ കർമങ്ങളെന്താണോ അവ പൂർത്തിയാക്കുക. അതിന്റെ പാരമ്യത എവിടെയാണോ അവിടംവരെ കൊണ്ടുപോകുക.) "ഈ വാക്കുകളിൽ ചിന്തിക്കുമ്പോൾ, ബാഹ്യമായ പദസൂചനയിലൂടെ അവനോടു ദുആചെയ്യാൻ കല്പിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്." (അതായത് ദുആ ചെയ്യുക എന്ന തുറന്ന സൂചനയാണ് ബാഹ്യമായിട്ടുള്ളത്). "സ്വാറാത്തെ മുസ്തഖീമിന്റെ ഹിദായത്ത് തേടുന്നതിനുള്ള പാഠമാണിത്." (സ്വിറാത്തെ മുസ്തഖീമിന്റെ ഹിദായത്ത് അല്ലാഹുവിനോടു ചോദിക്കുക എന്ന് സൂചനയായിട്ടും തോന്നുന്നുണ്ട്.) "പക്ഷേ, അതിനുമുകളിലുള്ള ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്ത്തഈൻ പറഞ്ഞുകൊണ്ടിരിക്കുന്നത് അതിൽനിന്ന് ഫലമെടുക്കുക എന്നാണ്. അതായത് സ്വിറാത്തെ മുസ്തഖീമിന്റെ ഘട്ടങ്ങൾ തരണം ചെയ്യാൻ കുറ്റമറ്റ ശക്തികൾ പ്രയോജനപ്പെടുത്തി ദൈവിക സഹായം തേടേണ്ടതാണ്." (നേരായപാതയിൽ നടക്കുന്നതിന് അല്ലാഹു നല്കിയിട്ടുള്ള കഴിവുകൾ ഉപയോഗിക്കുക. അല്ലാഹുവിനോടു സഹായം തേടുക)."അതുകൊണ്ട് ബാഹ്യമായ മാർഗങ്ങൾ സ്വീകരിക്കേണ്ടത് നിർബന്ധമാണ്. ആരാണോ അത് ഉപേക്ഷിക്കുന്നത് അവൻ അനുഗ്രഹ നിഷേധിയാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 199, 1985 ലണ്ടൻ പതിപ്പ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ഒരുപാട് രോഗങ്ങളുണ്ട്.'' അത് നാവിനെ ബാധിച്ചാൽ ഉടനെ പണിമുടക്കി കുത്തിയിരിക്കും. (നാവിനെക്കുറിച്ച്മുമ്പേയുംഉദാഹരണങ്ങൾനല്കിക്കഴിഞ്ഞിട്ടുണ്ട്). ഇത് റഹീമിയ്യത്താണ്. ഇപ്രകാരംതന്നെയാണ് മനസ്സിൽ ഭക്തിനമ്രാദികളുടെ അവസ്ഥ വെച്ചിട്ടുള്ളത്. ആലോചിക്കാനും ചിന്തിക്കാനുമുള്ള ശക്തിക ളും നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഓർക്കുക! നമ്മൾ ഈ ശക്തികളേയും കഴിവുകളേയും ഉപേക്ഷിച്ചുകൊണ്ട് ദുആ ചെയ്യുകയാണെങ്കിൽ അത് ഒരു പ്രയോജനവും ചെയ്യുകയില്ല. കാരണം ആദ്യം നല്കിയതിൽനിന്ന് പ്രയോജനമൊന്നും എടുക്കാത്തതുകൊണ്ട് രണ്ടാമത്തേതിൽനിന്ന് എന്തു ഫലമെടുക്കാനാണ്? അതുകൊണ്ട് ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം എന്നതിനുമുമ്പേ ഇയ്യാക്ക നഅ്ബുദു എന്ന് പറഞ്ഞിരിക്കുന്നു. അതായത് നീ ആദ്യം തന്ന ശക്തികളും കഴിവുകളും ഞാൻ പാഴാക്കുകയോ നശിപ്പിച്ചു കളയുകയോ ചെയ്തിട്ടില്ലെന്ന്. ഓർക്കുക! റഹ്മാനിയ്യത്തിന്റെ പ്രത്യേകത എന്നു പറയുന്നത് അത് റഹീമിയ്യത്തിൽനിന്ന് അനുഗ്രഹമെടുക്കാൻ കവിവുള്ളതാക്കുക എന്നാണ്. അതുകൊണ്ടാണ് അല്ലാഹു ഉദ്ഊനി അസ്തജിബ്ലക്കും എന്ന് പറഞ്ഞത്. ഇത് വെറും വാചകകസറത്തല്ല. മാനുഷികമായ മഹത്ത്വം അതാണ് ആഗ്രഹിക്കുന്നത്. ചോദിക്കുക എന്നത് മാനുഷികമായ പ്രത്യേകതയാണ്. അല്ലാഹുവിന്റെ ദുആ സ്വീകാര്യതയുടെ അന്വേഷണത്തിലല്ലാത്തവൻ ള്വാലിമാണ്. ദുആ എന്നത് സന്തോഷദായകമായ ഒരു അവസ്ഥയാണ്." പറഞ്ഞു: "ഏതു വാക്കുകളിൽ ആ ആനന്ദാനുഭൂതി ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമെന്ന് എനിക്കറിയില്ല. എനിക്കതിൽ വിഷമമുണ്ട്. അത് അനുഭവിച്ചച്ചെങ്കിൽമാത്രമേ അറിയാൻ കഴിയൂ. ചുരുക്കിപ്പറഞ്ഞാൽ ദുആയുടെ സാമിഗ്രികളിൽ ഒന്നാമതായി നിർബന്ധമായിട്ടുള്ളത് സൽക്കർമങ്ങൾ ചെയ്യുകയും വിശ്വാസമുണ്ടാക്കുകയും ചെയ്യുക എന്നതാണ്."(സൽകർമം ഉണ്ടാകണം. അല്ലാഹു ചെയ്യാൻ കല്പിച്ച കർമങ്ങൾ ഉണ്ടാകണം. സ്വന്തം ആദർശങ്ങളും വിശ്വാസവും ശക്തമാക്കുക). "കാരണം വിശ്വാസങ്ങൾ നേരെയാക്കാത്തവനും സൽക്കർമങ്ങൾ പ്രയോജനപ്പെടുത്താത്തവനും ദുആചെയ്യുമ്പോൾ അത് അല്ലാഹുവിനെ പരീക്ഷിക്കലായിരിക്കും. കാര്യമെന്താണെന്നുവച്ചാൽ ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം എന്ന ദുആയിൽ നമ്മുടെ കർമങ്ങളെ തികവുറ്റതും സമ്പൂർണവുമാക്കുക എന്നുദ്ദേശ്യമാണുള്ളത്. പിന്നീട് സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം എന്ന് പറഞ്ഞുകൊണ്ട് കുടുതൽ വ്യക്തമാക്കി. അതായത് ഞങ്ങൾ അനുഗൃഹീതരായവരുടെ നേരായമാർഗം ആഗ്രഹിക്കുന്നു."(ആരിലാണോ നീ അനുഗ്രഹം ചൊരിഞ്ഞത് അത്തരക്കാരുടെ വഴി ഞങ്ങൾക്കു തന്നാലും.) പറഞ്ഞു: "കോപിക്കപ്പെട്ടവരുടെ വഴിയിൽനിന്ന് രക്ഷിച്ചാലും." (ആരുടെ മേലാണോ നിന്റെ കോപം ഇറങ്ങിയത് അവരുടെ വഴിയിലൂടെ നടക്കുന്നതിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും. ഞങ്ങളുടെ കർമങ്ങൾ എപ്പോഴും ശരിയാക്കിനിറുത്തേണമേ. അല്ലാഹു പറഞ്ഞ കല്പനകൾക്കു വിരുദ്ധമായി ഞങ്ങളിൽനിന്ന് ഒന്നും ഉണ്ടാകരുതേ). പറഞ്ഞു: "ള്വാല്ലീൻ എന്ന് പറഞ്ഞുകൊണ്ട് ദുഷ്കർമങ്ങൾ കാരണത്താൽ ആരുടെമേലാണോ ദൈവികശിക്ഷ വന്നത് അവരിൽനിന്നും സുരക്ഷിതരാക്കി വെക്കേണമേ എന്ന് ദുആ ചെയ്യാനും പറഞ്ഞു. നിന്റെ സഹായമില്ലെങ്കിൽ വഴിതെറ്റിപ്പോകുന്നതാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 199–200, 1985 ലണ്ടൻ പതിപ്പ്). "നിന്റെ സഹായം ഞങ്ങൾക്കില്ലെങ്കിൽ, നിന്റെ റഹ്മാനിയ്യത്തിൽനിന്ന് ഞങ്ങൾ ഫലമെടുക്കുന്നില്ലെങ്കിൽ അതിന്റെ ഫലമായി റഹീമിയ്യത്തിൽനിന്നും ഞങ്ങൾക്ക് ഫലമെടുക്കാൻ

## ഹദീഥുന്നബ്വി(സ):

"അല്ലാഹുവിന്റെ ഖലീഫ ഭൂമിയിലുണ്ടെന്നു നിങ്ങൾ കണ്ടാൽ അദ്ദേഹവുമായി ചേർന്നുകൊളളുക; നിങ്ങളുടെ ശരീരം കഷണംകഷണമാക്കപ്പെട്ടാലും നിങ്ങളുടെ മുതൽ കൊള്ളയടിക്കപ്പെട്ടാലും വേണ്ടില്ല." (മുസനദ് അഹ്മദ് ബിൻ ഹമ്പൽ ഹദീഥുനമ്പർ 22333)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## കലാം
## ഹദ്റത്ത് അമീറുൽമുഅ്മിനീൻ:

"ഏതുതലത്തിലുള്ള ഭാരവാഹിയാണെങ്കിലും തങ്ങളുടെ മാതൃക സ്ഥാപിക്കേണ്ടതാണ്. സലാം പറയുന്നതിൽ മുന്നിടുക. ചെറിയവരും കീഴിലുള ളവരും ആദ്യം പറയട്ടെ എന്ന് കാത്തിരിക്കേണ്ട ആവശ്യമില്ല."(ഖുത്ബ 6-2-2015)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഹദീഥുന്നബ്വി(സ):

**അൽഅഅ്മാലു ബിൽ ഖവാതീം**

"പ്രവൃത്തികളുടെ അടിസ്ഥാനം അത് പൂർത്തിയാവുന്നതിലാണ്."

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

കഴിയുകയില്ല. നിന്റെ സഹായം, നിന്റെ പിന്താങ്ങ്, നിന്റെ കരുണ, നിന്റെ കൃപാകടാക്ഷം തുടങ്ങിയവയിൽനിന്നെല്ലാം ഞങ്ങൾ പിന്തള്ളപ്പെടുന്നതാണ്. വഴിതെറ്റിപ്പോകുന്നതാണ്. ളാല്ലീൻ എന്നു പറഞ്ഞുകൊണ്ട് ഈ ഭാഗത്തേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു."

അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരയുന്നതുകൊണ്ട് ഒരു ഫലവുമില്ല എന്ന ലൗകികരുടെ ചിന്താഗതിയെ ഖണ്ഡിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരയുന്നതുകൊണ്ട് ഒരുഫലവുമില്ലെന്നാണ് ചിലയാളുകളുടെ ചിന്താഗതി. ഇത് തികച്ചും തെറ്റും നിരർഥവുമാണ്. (കളവാണ്). അത്തരമാളുകൾ അല്ലാഹുവിന്റെ അസ്തിത്വത്തിലോ അവന്റെ ശക്തമായ സവിശേഷഗുണങ്ങളിലോ നിയന്ത്രണങ്ങളിലോ വിശ്വസിക്കാത്തവരാണ്. അവരിൽ യഥാർഥമായ വിശ്വാസമുണ്ടായിരുന്നെങ്കിൽ അങ്ങനെ ചെയ്യാൻ അവർ തന്റേടം കാണിക്കുമായിരുന്നില്ല. ആരെങ്കിലും എപ്പോഴെങ്കിലും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വരികയും അവൻ സത്യമായ പശ്ചാത്താപത്തോടെ ഖേദിച്ചു മടങ്ങുകയും ചെയ്തിട്ടുണ്ടെങ്കിൽ എപ്പോഴും അവന്റെമേൽ അല്ലാഹു കൃപ ചൊരിഞ്ഞിട്ടുണ്ട്. ഇത് ആരോ പറഞ്ഞത്(ഫാർസി കവിത)സത്യമാണ്:

ആശിഖെ കെഃ ശുദ് കെഃ യാർ ബഹാലിശ് നസ്ർ ന കർദ്
ഏ ഖ്വാജയെ ദർദ് നീസ്ത് വഗർനഃ തബീബ് ഹസ്ത്

(കാമുകി കാമുകനിലേക്ക് ദൃഷ്ടി ഉയർത്തിനോക്കുന്നില്ലെങ്കിൽ അവനെന്തൊരു കാമുകനാണ്. അല്ലയോ സാഹിബേ! അല്ലയോ മനുഷ്യാ! വേദന ഒട്ടുമില്ല. ഡോക്ടറാണെങ്കിൽ ഇവിടെ ഉണ്ടുതാനും. നിന്റെ ഉള്ളിൽ വേദനയില്ല. ഡോക്ടർ ഇവിടെയുണ്ട്. നിന്റെ ഉള്ളിൽ വേദന ഉണ്ടാക്കുക. അല്ലാഹു കേൾക്കുന്നു).

"നിങ്ങൾ തന്റെ തിരുസന്നിധിയിൽ പരിശുദ്ധ ഹൃദയത്തോടെ വരണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതിന് ചേർന്ന വിധം നിങ്ങൾ നിങ്ങളെ ആക്കിത്തീർക്കുക എന്നതാണ് നിബന്ധന." (ഫൽയസ്തജീബൂലീ എന്നതനുസരിച്ച് പ്രവർത്തിക്കുക). "അല്ലാഹുവിന്റെ തിരുസന്നിധിയിലെത്താൻ അർഹനാക്കിത്തീർക്കുന്ന ആ സത്യമായ മാറ്റം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കിക്കാണിക്കുക. ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, അല്ലാഹുവിൽ അത്ഭുതകരമായ ശക്തികളാണുള്ളത്. അവനിൽ അതിരില്ലാത്ത കൃപാകടാക്ഷങ്ങളും അനുഗ്രഹങ്ങളുമുണ്ട്. എന്നാൽ, അത് കാണുന്നതിനും പ്രാപിക്കുന്നതിനും സ്നേഹത്തിന്റെ കണ്ണുകൾ ഉണ്ടാക്കുക. സത്യമായ സ്നേഹമാണെങ്കിൽ അല്ലാഹു ഒരുപാട് ദുആകൾ കേൾക്കുന്നു." (അതുകൊണ്ട് ദുആകൾ കേൾക്കുംവിധമുള്ള സ്നേഹം അല്ലാഹുവുമായിട്ടുണ്ടാക്കുക. സത്യമായ സ്നേഹമാണെങ്കിൽ ഒരുപാട് ദുആകൾ കേൾക്കുന്നതാണ്). "പിന്തുണയ്ക്കുകയും ചെയ്യുന്നു."(മൽഫൂദാത്ത് വാല്യം 1 പേജ് 352 –353, 1985 ലണ്ടൻ പതിപ്പ്).

അല്ലാഹുവിന്റെ സത്യമായ സ്നേഹത്തെ പ്രാപിക്കുന്നതിനും അതിന്റെഫലമായി ദുആ അവൻ കേൾക്കുന്നതിനും തന്റെ സാമീപ്യം പ്രകടിപ്പിക്കുന്നതിനും മനുഷ്യൻ എങ്ങനെയാണ് ആവേണ്ടത്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "സ്നേഹവും ആത്മാർഥതയും അല്ലാഹുവിനോടുണ്ടാകുക എന്നതാണത്. ദൈവസ്നേഹമെന്നു പറയുന്നത് മനുഷ്യന്റെ തരംതാണ ജീവിതത്തെ കത്തിച്ച് അവനെ ഒരു പുതിയതും വെടിപ്പുള്ളതുമായ മനുഷ്യനാക്കിത്തീർക്കുന്നു."(പരിശുദ്ധമാക്കുന്നു). "ആ സമയത്ത് അവൻ കാണുന്നത് മുമ്പേ കണ്ടിട്ടില്ലാത്തതായിരിക്കും. കേൾക്കുന്നത് മുമ്പേ കേട്ടിട്ടില്ലാത്തതായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹുവിന്റെ കൃപാകടാക്ഷവും ഉദാരതയും കൊണ്ട് ഏതൊരു ഭക്ഷണത്തളികയാണോ മനുഷ്യനുവേണ്ടി തയ്യാറാക്കിയിട്ടുള്ളത് അത് കരസ്ഥമാക്കാനും അതിൽനിന്ന് പ്രയോജനമെടുക്കുന്നതിനും വേണ്ടി കഴിവുകളും പ്രദാനം ചെയ്തിരിക്കുന്നു."(വസ്തുക്കൾ മാത്രമല്ല ഉണ്ടാക്കിയിട്ടുള്ളത്. അത് ഉപയോഗിച്ച് ഫലമെടുക്കുന്നതിനുവേണ്ടി നമുക്ക് കഴിവുകളും നല്കി.)"അവൻ കഴിവുകൾ നല്കുകയും പക്ഷേ, വസ്തുക്കൾ ഇല്ലാതിരിക്കുകയുമാണെങ്കിൽ അപ്പോഴും ഒരു പോരായ്മ ഉണ്ടായിരുന്നു. അല്ലെങ്കിൽ വസ്തുക്കളുണ്ടാകുകയും എന്നാൽ, കഴിവുകൾ ഇല്ലാതിരിക്കുകയുമാണെങ്കിൽ എന്തു ഫലമുണ്ടാകാനാണ്? എന്നാൽ. അങ്ങനെ ചെയ്തില്ല. അവൻ കഴിവുകളും നല്കി. സാധനസാമഗ്രികളും നല്കി. എപ്രകാരമെന്നാൽ ഒരു ഭാഗത്ത് ഭക്ഷണത്തിനുള്ള സാധനങ്ങൾ ഉണ്ടാക്കിയതോടൊപ്പം മറുഭാഗത്ത് കണ്ണും നാവും പല്ലും വയറും നല്കി. കരളിനേയും വയറിനേയും ജോലിയിൽ നിയമിച്ചു. ആ എല്ലാ ജോലികളുടേയും അച്ചുതണ്ട് ഭക്ഷണമാക്കി വെക്കുകയും ചെയ്തു."(കരൾ, വയർ, കുടലുകൾ ഇതെല്ലാം ഭക്ഷണത്തെ ദഹിപ്പിക്കുന്നതിന് അനിവാര്യമായിട്ടുള്ളതാണ്). അവിടന്ന് പറയുന്നു:"വയറിനുള്ളിൽ ഒന്നും ചെല്ലുന്നില്ലെങ്കിൽ ഹൃദയത്തിൽ രക്തം എവിടന്ന് വരാനാണ്. ദഹനരസം എവിടെന്നുണ്ടാകാനാണ്. ഭക്ഷണം ശുദ്ധമായാണ് രക്തത്തിന്റെ ഭാഗമായിത്തീരുന്നത്. ബാക്കി പുറത്തുവരുന്ന മാലിന്യം എന്തായിത്തീരാനാണ്). "ഇപ്രകാരം ഇസ്‌ലാം എന്നസമ്പൂർണ ദീൻ നല്കി നബി(സ) തിരുമേനിയെ അയച്ചുകൊണ്ട് ഏറ്റവുമാദ്യം അവൻ കൃപ ചെയ്തു. ആ മഹാത്മാവിനെ ഖാത്തുന്നബിയ്യീനാക്കി. വിശുദ്ധ ഖുർആൻ എന്ന സമ്പൂർണവും ഖാത്തമുൽ കിതാബും പ്രദാനം ചെയ്തു. ഇതിനുശേഷം ഖിയാമത്തുന്നാൾവരെ ഒരു ഗ്രന്ഥവും വരികയില്ല. പുതിയ ശരീഅത്തുമായി പുതിയൊരു നബിയും വരികയില്ല. ഇനി നമ്മൾ ശക്തമായ ചിന്തയോടും ആലോചനയോടുംകൂടി പ്രവർത്തിക്കാതിരിക്കുകയും അല്ലാഹുവിലേക്ക് നടക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ എത്രമാത്രം മടിയും അലസതയും നന്ദികേടുമായിരിക്കുമത്. അല്ലാഹു ഈ ആദ്യസൂറത്തിൽത്തന്നെ നമുക്കുവേണ്ടി എത്രമാത്രം വിശാലമായ രീതിയിലാണ് കൃപാകടാക്ഷത്തിന്റെ വഴി പറഞ്ഞുതന്നിരിക്കുന്നതെന്ന് ചിന്തിക്കുക.

അതുകൊണ്ട് മനുഷ്യന് ഫലമെടുക്കാനുള്ള മാർഗമാണിത്. നബി(സ)തിരുമേനിയെ അല്ലാഹു നമുക്ക് നല്കി. അപ്പോൾ ആ നബിയുടെ സുന്നത്തിൽ നമ്മൾ നടക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ നമുക്ക് നല്കി. അപ്പോൾ അതിന്റെ കല്പനകളനുസരിച്ച് നമ്മൾ പ്രവർത്തിക്കേണ്ടതാണ്. പറഞ്ഞു: അല്ലാഹു ഈ ആദ്യത്തെ സൂറത്തിൽ അതായത് സൂറ ഫാത്തിഹായിൽത്തന്നെ നമുക്ക് വിശാലമായ രീതിയിൽ കൃപാകടാക്ഷത്തിന്റെ വഴി പറഞ്ഞുതന്നു)."ഈ സൂറത്തിൽ-ഇതിന് ഖാത്തമുൽകിതാബെന്നും ഉമ്മുൽകിതാബെന്നും പേരുണ്ട്- മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യമെന്താണെന്നും അതു കരസ്ഥമാക്കാനുള്ള വഴിയെന്താണെന്നും വ്യക്തമായും പറഞ്ഞു. ഇയ്യാക്ക നഅ്ബുദ് മനുഷ്യപ്രകൃതിയുടെ യഥാർഥ തേട്ടവും ഉദ്ദേശ്യവുമാണ്. ഇയ്യാക്ക നസ്തഈനെക്കാൾ മുമ്പേ വെച്ചുകൊണ്ട് പറഞ്ഞു, 'അല്ലാഹുവിന്റെ ഇഷ്ടത്തിന്റെ വഴി സ്വീകരിക്കാൻ മനുഷ്യൻ കഴിവിന്റെ പരമാവധി പരിശ്രമിക്കുകയും അത്യധ്വാനം ചെയ്യുകയും ചെയ്യുക. അല്ലാഹു നല്കിയിട്ടുള്ള സകല കഴിവുകളും വിനിയോഗിക്കുക. അതിനുശേഷം അതിന്റെ സമ്പൂർത്തീകരണത്തിനും ഫലപ്രദമാകുന്നതിനുംവേണ്ടി ദുആ ചെയ്യുക."(മൽഫൂദാത്ത് വാല്യം 1 പേജ് 353–354, 1985 ലണ്ടൻ പതിപ്പ്).

അല്ലാഹുവിന്റെ മഅ്രിഫത്ത്(ദൈവജ്ഞാനം) കരസ്ഥമാക്കുന്നതിനുള്ള മാർഗങ്ങൾ എന്താണ്? ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഖുലിഖൽ ഇൻസാനു ളഈഫ എന്നത് സത്യമായ കാര്യമാണ്. മനുഷ്യൻ ബലഹീനമായ സൃഷ്ടിയാണ്. അവന് അല്ലാഹുവിന്റെ കൃപാകടക്ഷവും അനുഗ്രഹവും കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല." (കൃപാകടാക്ഷമില്ലെങ്കിൽ മനുഷ്യന് ഒന്നും ചെയ്യാൻ കഴിയില്ല). "അവന്റെ അസ്തിത്വവും അവന്റെ പാലനവും അവന്റെ അനശ്വരതയ്ക്കുള്ള സാധനസാഗ്രികളുമെല്ലാം അല്ലാഹുവിന്റെ കൃപാകടാക്ഷത്തിൽ നിലകൊള്ളുന്നതാണ്. തന്റെ ബുദ്ധിയിലും സാമർഥ്യത്തിലും അല്ലെങ്കിൽ സമ്പത്തിലും ധനത്തിലും അഭിമാനിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹുതന്നെ പ്രദാനം ചെയ്തിട്ടുള്ളതാണ്. അതെവിടെന്ന് കൊണ്ടുവന്നു? ദുആയ്ക്ക് അത്യാവശ്യമായിട്ടുള്ള കാര്യം മനുഷ്യൻ തന്റെ ദുർബലതയും ബലഹീനതയും പൂർണമായി ഓർക്കുകയും സങ്കല്പിക്കുകയും ചെയ്യുക എന്നതാണ്. അവൻ തന്റെ ദൗർബല്യങ്ങളെക്കുറിച്ച് ഓർക്കുന്തോറും സ്വയം അല്ലാഹുവിന്റെ സഹായത്തിന്റെ ആശ്രിതനായി തന്നെ കാണുന്നതാണ്. ഈ രീതിയിൽ ദുആ ചെയ്യുന്നതിന് അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നു." (ദുആ ചെയ്യാനുള്ള ഉത്സാഹം ഉണ്ടാകുന്നില്ലെന്ന് ആളുകൾ പറയുന്നു. നിങ്ങളുടെ ബലഹീനതകൾ നോക്കുക. നിങ്ങളുടെ വിനയം നോക്കുക. പിന്നീട് ആ സ്നേഹത്തിന്റെ തേട്ടങ്ങൾ പൂർത്തിയാക്കാൻ പരിശ്രമിക്കുക. അപ്പോഴാണ് ഒരു ഉത്സാഹമുണ്ടാകുന്നത്). പറഞ്ഞു: "മനുഷ്യൻ വിപത്തുകളിൽ അകപ്പെടുകയും ദുഖമോ ഞെരുക്കമോ അനുഭവിക്കുകയും ചെയ്യുമ്പോൾ ആർത്തുവിളിക്കുകയും നിലവിളിക്കുകയും മറ്റുള്ളവരോടു സഹായം തേടുകയും ചെയ്യുന്നതുപോലെ അവൻ തന്റെ ബലഹീനതകളുടേയും ചാഞ്ചല്യങ്ങളുടേയുംമേൽ ചിന്തിക്കുകയാണെങ്കിൽ എല്ലാ നിമിഷവും സഹായത്തിന്റെ ആശ്രിതനായി തന്നെ കാണുന്നതാണ്. അപ്പോൾ അവന്റെ ആത്മാവ് പൂർണാവേശത്തോടെയും വേദനയോടെയും അനിയന്ത്രിതമായി ദൈവസവിധത്തിൽ വീഴുകയും കരയുകയും എന്റെ റബ്ബേ, എന്റെ റബ്ബേ എന്ന് നിലവിളിക്കുകയും ചെയ്യുന്നതാണ്." ശ്രദ്ധയോടുകൂടി വിശുദ്ധ ഖുർആനെ നോക്കുക. അപ്പോൾ ആദ്യത്തെ സൂറത്തിൽത്തന്നെ അല്ലാഹു ദുആ ചെയ്യാൻ പറഞ്ഞിരിക്കുന്നുവെന്ന് കാണാം. "ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം ഗയ്‌രിൽമഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ" പറഞ്ഞു: "എല്ലാ ഫലങ്ങളേയും നേട്ടങ്ങളേയും ഉൾക്കൊണ്ടുകൊണ്ടുള്ളതും എല്ലാ നഷ്ടങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും രക്ഷപ്പെടുത്തുന്നതുമാകുമ്പോഴാണ് ദുആ മുഴുവനാകുന്നത്."(ശരിയായിട്ടുള്ള ദുആ മനുഷ്യനു ലഭിക്കാവുന്ന എല്ലാതരത്തിലുള്ള നേട്ടങ്ങളും ഫലങ്ങളും കിട്ടുന്നതായിരിക്കണം. ഉൾക്കൊള്ളുന്നതായിരിക്കണം. നഷ്ടങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടുത്തുന്നതായിരിക്കണം). "അതുകൊണ്ട് ഈ ദുആയിൽ(ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ മുതൽ വലള്ളാല്ലീൻ" വരെ) സാധ്യമാകാവുന്നതും ലഭിക്കാവുന്നതുമായ നേട്ടങ്ങളാണ് ഉദ്ദേശിക്കുന്നത്. ഏറ്റവും വലിയ നഷ്ടമുണ്ടാക്കാവുന്നതും മനുഷ്യനെ നശിപ്പിക്കാവുന്നതുമായവയിൽനിന്ന് രക്ഷപ്പെടാനുള്ള ദുആയാണിത്."(മൽഫൂദാത്ത് വാല്യം 1 പേജ് 411–412, 1985 ലണ്ടൻ പതിപ്പ്). നമുക്ക് നമ്മുടെ ദീനിനെ രക്ഷിക്കുന്നതിനുവേണ്ടി ഏറ്റവുമാദ്യം ദുആ ചെയ്യേണ്ടതാണ്. മനുഷ്യൻ ഇത് ചെയ്യുമ്പോൾ അല്ലാഹുവിന്റെ സമീപ്യത്തിന്റെ വാതിലുകൾ തുറക്കുന്നതാണ്. പിന്നീടുള്ള ദുആകളെല്ലാം സ്വയമേവ സ്വീകരിക്കപ്പെട്ടുകൊണ്ടുപോകും.

യഥാർഥ ദുആ ദീനിന്റെ കെട്ടുറപ്പിനുവേണ്ടിയുള്ള ദുആയാണെന്നും ഇതുതന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം കിട്ടുന്നതിനും ദുആ സ്വീകരിക്കപ്പെടുന്നതിനും മാർഗമാകുന്നതെന്നും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഉജീബു ദഅ്‌വത്തദ്ദാഇ ഇദാ ദആൻ അതായത് ഞാൻ തൗബ ചെയ്യുന്നവന്റെ തൗബ സ്വീകരിക്കുന്നു. സത്യഹൃദയത്തോടെ തൗബ ചെയ്യുന്നവന്റെ ഏറ്റുപറച്ചിലിനെ അല്ലാഹുവിന്റെ ഈ വാഗ്ദാനം ശരിവെക്കുന്നു. അല്ലാഹുവിൽനിന്ന് ഇത്തരത്തിലുള്ള സമ്മതമില്ലായിരുന്നെങ്കിൽ പിന്നീട് തൗബ സ്വീകരിക്കുക എന്നത് ദുഷ്കരമായ കാര്യമാകുമായിരുന്നു. സത്യഹൃദയത്തോടെ കുറ്റം ഏറ്റു പറയുന്നതിന്റെ ഫലമായി തൗബ ചെയ്യുന്നവരോടു അല്ലാഹു ചെയ്തിട്ടുള്ള തന്റെ എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാക്കുന്നു. താൻ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടുമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നും മനുഷ്യൻ

## ഹദീഥുന്നബ്‌വി(സ):

### ഔസ്വീക്കും ബിൽജാരി

"നിന്റെ അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു."

**ത്വാലിബെ ദുആ: അബ്ദുസ്സമദ് , പഴയങ്ങാടി**

ഏറ്റു പറയുന്ന ആ സമയം മുതൽ ഒരു പ്രകാശത്തിന്റെ ജ്യോതിസ്സ് അവന്റെ മനസ്സിൽ ഉണ്ടാകാൻ തുടങ്ങുന്നു."(മൽഫൂദാത്ത് വാള്യം 1 പേജ് 300, 1985 ലണ്ടൻ പതിപ്പ്).

അല്ലാഹു തന്റെ സാമീപ്യത്തിന്റേയും ദുആ സ്വീകാര്യതയുടേയും മാർഗങ്ങൾ പറഞ്ഞിട്ടുണ്ട്. അവയിൽ ഏറ്റവും ഉന്നതമായ മാർഗം നമസ്കാരത്തിന്റെ അവസ്ഥയെയാണ് പറഞ്ഞിട്ടുള്ളത്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"നമസ്കാരത്തിന്റെ യഥാർഥമായ ഉദ്ദേശ്യവും കാമ്പും ദുആ തന്നെയാണ്. ദുആ ഇരക്കുക എന്നത് അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ച് തന്നെയാണ്. ഉദാഹരണത്തിന് നമ്മൾ സാധാരണ കാണാറുണ്ട് കുഞ്ഞ് കരയുകയും നിലവിളിക്കുകയും ചെയ്യുമ്പോൾ കഷ്ടതകൾ പ്രകടിപ്പിക്കുമ്പോൾ മാതാവ് എത്രമാത്രം അസ്വസ്ഥയായിട്ടാണ് അതിന് പാലു കൊടുക്കുന്നത്. ദൈവത്വവും ദാസത്വവും തമ്മിൽ ഇത്തരത്തിലുള്ള ഒരു ബന്ധമാണുള്ളത്. ഇത് എല്ലാവർക്കും മനസ്സിലാക്കാൻ പറ്റുകയില്ല. മനുഷ്യൻ അല്ലാഹുവിന്റെ വാതിൽക്കൽ വീഴുകയും അങ്ങേയറ്റം താഴ്മയോടും ദൈവഭക്തിയോടും ദൈവഭയത്തോടുംകൂടി അവന്റെ സന്നിധിയിൽ തന്റെ പരിതഃസ്ഥിതികൾ അവതരിപ്പിക്കുകയും അവനോടു ആവശ്യങ്ങൾ ചോദിക്കുകയും ചെയ്യുമ്പോൾ ദൈവത്വത്തിന്റെ ദയ ആവേശത്തിൽ വരികയും അത്തരം വ്യക്തിയുടെമേൽ കരുണ ചൊരിയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കൃപാകടാക്ഷത്തിന്റേയും ദയയുടേയും ക്ഷീരവും ഒരു കരച്ചിൽ ആഗ്രഹിക്കുന്നുണ്ട്." (അല്ലാഹുവിന്റെ കൃപാകടാക്ഷത്തിന്റേയും ദയയുടേയും പാലു കുടിക്കണമെങ്കിൽ അവന്റെ കൃപാകടാക്ഷത്തിൽനിന്നും കാരുണ്യത്തിൽനിന്നും അനുഗ്രഹം എടുക്കണമെങ്കിൽ അതിനും വിനയം കാണിക്കുയും എളിമപ്രകടിപ്പിക്കുകയും കരയുകയും നിലവിളിയ്ക്കുകയും ചെയ്യേണ്ടിവരും.) പറഞ്ഞു: "അതുകൊണ്ട് കരയുന്ന നയനങ്ങൾ അവന്റെ തിരുസന്നിധിയിൽ സമർപിക്കേണ്ടതാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 352 1985 ലണ്ടൻ പതിപ്പ്)

അതിനാൽ മിക്കവരുടെ ശ്രദ്ധ മസ്ജിദിലേക്കായിരിക്കുന്ന റമളാനിൽ അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ നമസ്കാരം ജമാഅത്തായിട്ട് നമസ്കരിക്കണമെന്നതിലേക്കും ശ്രദ്ധ ഉണ്ടാകുന്നു. അതിനോടൊപ്പം നഫ്ലുകളിലേക്കും ശ്രദ്ധ ഉണ്ടാകേണ്ടതാണ്. പിന്നീട് ദീനിനും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും മുൻഗണന നല്കിക്കൊണ്ടും ദുആകളും ചെയ്യേണ്ടതാണ്. ആദ്യം ചെയ്യേണ്ടുന്ന ദുആകൾ ഇവയാണ്. മറ്റുള്ള ദുആകൾ, ഭൗതികാവശ്യങ്ങൾക്കുവേണ്ടിയുള്ള ദുആകൾ അതിനുശേഷമാണ് വരേണ്ടത്. നമ്മുടെ ഭൗതികാവശ്യത്തിനുള്ള ദുആകൾ അല്ലാഹു അവൻതന്നെ പൂർത്തിയാക്കിത്തരുന്നതാണ്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദുആയും സമർപിക്കുകയാണ്. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നതിന് ഇത് ഈ ദിനങ്ങളിൽ നമ്മൾ പ്രത്യേകമായും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ അവിടന്ന് ഇങ്ങനെ ദുആ ചേയ്തിരുന്നു: "റബ്ബുൽ ആലമീനായവനേ! നിന്റെ ഔദാര്യങ്ങൾക്ക് നന്ദിപറയാൻ എനിക്കു കഴിവില്ല. നീ അങ്ങേയറ്റം കരുണാമയനും ഉദാരവാനുമാണ്. നിന്റെ അളവറ്റ ഉപകാരമാണ് എന്നിലുള്ളത്. ഞാൻ നശിച്ചുപോകാതിരിക്കാൻ നീ എന്റെ പാപങ്ങൾ പൊറുത്തുതന്നാലും. എനിക്കു ജീവിതം ലഭിക്കാൻ നിന്റെ ആത്മാർഥ സ്നേഹം എന്നിലിട്ടാലും. എന്റെ തെറ്റുകുറ്റങ്ങൾ മറച്ചുവച്ചാലും. നീ എന്നിൽ തൃപ്തിയാകുന്ന കർമങ്ങൾ എന്നെക്കൊണ്ട് ചെയ്യിച്ചാലും.ഞാൻ നിന്റെ ഉദാരതയുടെ മുഖത്തോടുകൂടി നിന്റെ കോപം എന്നിൽ ഉണ്ടാകാതിരിക്കാൻ നിന്നെ അഭയം തേടുന്നു. കരുണ ചൊരിഞ്ഞാലും. ദുൻയാവിന്റേയും ആഖിറത്തിന്റേയും വിപത്തുകളിൽനിന്ന് എന്നെ രക്ഷിച്ചാലും. എല്ലാഓരോ കൃപാകടാക്ഷവും ദയയും നിന്റെ കൈയിൽ തന്നെയാണ്. ആമീൻ ഥുമ്മ ആമീൻ."(മൽഫൂദാത്ത് വാള്യം 1 പേജ് 235 1985 ലണ്ടൻ പതിപ്പ്)

ദുആകളുടെ യാഥാർഥ്യങ്ങളെ മനസ്സിലാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിൽ ശക്തമായ വിശ്വാസമുള്ളവരിൽപ്പെടാനും പിന്നീട് അതിൽ ഉറച്ചു നില്ക്കാനും ഈ റമളാൻ ഉപകരിക്കുമാറാകട്ടെ; അവന്റെ കല്പനകൾ കേൾക്കുകയും പ്രവർത്തിക്കുകയും തങ്ങളുടെ എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ തൃപ്തിക്ക് മുൻഗണന നല്കുകയും ചെയ്യുന്നവരിൽ. നമ്മുടെ കർമങ്ങൾ അല്ലാഹുവിന്റെ മാത്രം തൃപ്തിയനുസരിച്ച് ആകുമാറാകട്ടെ. നമ്മുടെ വിശ്വാസത്തിൽ മുമ്പത്തേക്കാൾ ശക്തി ഉണ്ടാകുമാറാകട്ടെ. നമ്മളിൽ അല്ലാഹുവിന്റെ സത്യസന്ധമായ സ്നേഹം ഉണ്ടാകുമാറാകട്ടെ. അല്ലാഹു നമ്മെ ദുൻയാവിന്റേയും ആഖിറത്തിന്റേയും ബലാകളിൽനിന്ന് രക്ഷിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് രാജ ഗാലിബ് അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം ജമാഅത്തിന്റെ പണ്ടേയുള്ള സേവകനും ഉർദുവിലെ പ്രസിദ്ധ കവിയും സാഹിത്യകാരനും വിദ്യാഭ്യാസവിദഗ്ദ്ധനുമായിരുന്നു. ഇദ്ദേഹം സർക്കാർ ജോലി വഹിച്ചിരുന്നു. പഞ്ചാബ് ടെക്സ്റ്റു ബുക് ബോർഡിന്റെ ചെയർമാനുമായിരുന്നു. 2016 ജൂൺ 4 ന് ലാഹോറിൽ 88-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഗുജ്റാത്ത് നഗരത്തിൽ 1928-ൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ രാജ മുഹമ്മദ് അലി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം 1905-ൽ ബയ്അത്തു ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. ഇദ്ദഹത്തിന്റെ പിതാവിന് ഖാദിയാനിൽ നാളിർ മാൽ, നാളിർ അഅ്ലാ എന്നീ നിലകളിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. രാജ ഗാലിബ് സാഹിബിന്റെ മാതാമഹൻ മലിക് ബർക്കത്ത് അലി സാഹിബായിരുന്നു. ഖാലിദെ അഹ്മദിയ്യത്ത് ഹദ്റത്ത് മലിക് അബ്ദുർറഹ്മാൻ ഖാദിം സാഹിബ് ഇദ്ദേഹത്തിന്റെ അമ്മാവനായിരുന്നു. ലാഹോറിൽനിന്ന് ഇദ്ദേഹം മെട്രിക് ചെയ്തു. പിന്നീട് ഖാദിയാനിൽനിന്ന് എഫ്.എ യും ലാഹോർ ഗവൺമെന്റ് കോളേജിൽനിന്ന് സൈക്കോളജിയിൽ മാസ്റ്റർ ഡിഗ്രിയും എടുത്തു. ഒന്നാം റാങ്കും കരസ്ഥമാക്കിയിരുന്നു. കവി, ബുദ്ധിജീവി, വിദ്യാഭ്യാസ വിദഗ്ദ്ധൻ, സാഹിത്യകാരൻ തുടങ്ങി വൈജ്ഞാനിക-സാഹിത്യപരമായ രംഗങ്ങളിൽ ആദരവോടെ അറിയപ്പെടുന്ന വ്യക്തിയായിരുന്നു. അൽഫള്ൽ ദിനപത്രത്തോടൊപ്പം ദേശീയവും അന്തർദേശീയവുമായ പത്രങ്ങളിലും അദ്ദേഹത്തിന്റെ പദ്യങ്ങളും ഗദ്യങ്ങളും ഉർദുവിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെട്ടുവന്നു. തന്റെ ഉദ്യോഗത്തിന് അദ്ദേഹം തുടക്കം കുറിച്ചത് പാക്കിസ്താൻ എയർഫോഴ്സിലൂടെയായിരുന്നു. പിന്നീട് പഞ്ചാബ് വിദ്യാഭ്യാസ വകുപ്പിൽ 1962-ൽ ജോയിൻ ചെയ്തു. പിന്നീട് വളരെ സുപ്രധാനമായ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചു. പഞ്ചാബ് ഇന്റർ മീഡിയറ്റ് സെക്കന്ററി എഡ്യൂക്കേഷൻ ജനറൽ സെക്രട്ടറി& കൺട്രോളർ, സർഗോധ ബോർഡ് ഓഫ് ഇന്റർ മീഡിയറ്റ് ചെയർമാൻ, പഞ്ചാബ് ടെസ്റ്റു ബുക് ബോർഡ് ചെയർമാൻ, പഞ്ചാബ് സർക്കാറിന്റെ വിദ്യാഭ്യാസ ഉപദേഷ്ടാവ് എന്നീ നിലകളിൽ അദ്ദേഹം രാജ്യത്തിന് സേവനങ്ങൾ ചെയ്തു. ജമാഅത്തിനുവേണ്ടി ചെയ്ത സേവനങ്ങളുടെ പരമ്പരയും സുദീർഘമാണ്. ലാഹോർ അഹ്മദിയ്യാ ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയും സെക്രട്ടറി തഅ്ലീമുമായിരുന്നതിനോടൊപ്പം മറ്റു പല ഔദ്യോഗിക സ്ഥാനങ്ങളും വഹിച്ചിരുന്നു. 1974 നുശേഷം അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക വക്താവ് എന്ന നിലയിൽ പലപ്രാവശ്യവും പ്രസ്സ് കോൺഫ്രൻസുകൾ നടത്താനും പ്രസ്സ് റിലീസുകളും വിവരണങ്ങളും പുറപ്പെടുവിക്കാനും അവസരം കിട്ടിയിട്ടുണ്ട്. കത്തുകൾ എഴുതുന്ന ആളായിരുന്നു. പത്രങ്ങൾക്ക് വ്യക്തിപരമായ വിവരണം നല്കാൻ അവസരം കിട്ടി. 1992 മുതൽ 1997 വരെ ഫള്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടറായിരുന്നു. 1974 മുതൽ 1985 വരെ ഡയറക്ടർ വഖ്ഫെ ജദീദായിരുന്നു. ഇതിനുപുറമെ നാസിർ ഫൗണ്ടേഷന്റെ നാഇബ് സ്വദ്റായും പ്രവർത്തിച്ചു. വളരെ ലളിതവും സൗമ്യവുമായ പ്രകൃതിയായിരുന്നു. ഖിലാഫത്തുമായി വലിയ ബന്ധമായിരുന്നു. ജമാഅത്തു ഭാരവാഹികളേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടെ പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന് സന്താനങ്ങളുണ്ടായിരുന്നില്ല. എടുത്തു വളർത്തിയ ഒരു മകളുണ്ട്. അല്ലാഹു അവർക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മലിക് മുഹമ്മദ് അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം വാഖ്ഫെ സിന്ദഗിയായിരുന്നു. 2016 മെയ് 6 ന് വഫാത്തായി. ഈ രണ്ടു ജനാസകളും കഴിഞ്ഞതവണ നമസ്കരിക്കേണ്ടതായിരുന്നു. എന്തോ കാരണത്താൽ കഴിഞ്ഞില്ല. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ശേയ്ഖ് ഫള്ൽ അഹ്മദ് സാഹിബ് ബട്ടാലവി(റ)ന്റെ മൂത്ത മകനായിരുന്നു. അഹ്മദിയ്യത്തിന്റെ ഖലീഫമാരോടും ഖിലാഫത്ത് വ്യവസ്ഥിതിയോടും അനുസരണത്തിന്റേയും ഏറെ സ്നേഹത്തിന്റേയും കൂറിന്റേയും ബന്ധമയിരുന്നു. എല്ലാ കുട്ടികളോടും ഇതേ ഗുണം സ്വായത്തമാക്കാൻ ഉപദേശിക്കാറുണ്ടായിരുന്നു. ജമാഅത്തുവ്യവസ്ഥിതിയുടെ അനുസരണ ശാലിയും അങ്ങേയറ്റം മാന്യനായ വ്യക്തിയും സഹവാസ ശീലമുള്ളയാളും സൽസ്വഭാവിയും ബന്ധുക്കളോടു നല്ലനിലയിൽ പെരുമാറുന്നയാളും സഹതാപിയും സാത്വികനുമായിരുന്നു. ജീവിതം മുഴുവൻ പല വീട്ടുകാരേയും സംരക്ഷിച്ചുപോന്നു. കുറച്ചു കുട്ടികളുടെ വിദ്യാഭ്യാസ ചുമതലയും വഹിച്ചു. അതു മരണംവരെ വളരെ നല്ല നിലയിൽ നിർവഹിച്ചുപോന്നു. തഹ്രീക്കെ ജദീദിന്റെ തുടക്കപട്ടികയിലെ 5000 മുജാഹിദുമാരിൽപ്പെട്ടയാളാണ്. മസ്ജിദുനിർമാണങ്ങളിലും മറ്റു പദ്ധതികളിലും വിശാല ഹൃദയത്തോടെ പങ്കെടുത്തിരുന്നു. റബ്വയിൽ സ്ഥലത്തിന്റെ ഒരു ഭാഗവും ഒരു പ്ലോട്ടും ജമാഅത്തിനു നല്കി. 1945 ഒക്ടോബർ 20 ന് അദ്ദേഹം ജീവിതം വഖ്ഫു ചെയ്തു. ആദ്യം എവിടെയോ വെളിയിലായിരുന്നു ജോലി ചെയ്തിരുന്നത്. എന്തായാലും അതിനുശേഷം ജീവിതം വഖ്ഫു ചെയ്തു വന്നു. റബ്വയിൽ തഅ്മീറാത്ത് വകുപ്പിൽ 1949 മുതൽ 1955 വരെ സേവനം ചെയ്തു. 1955 മുതൽ 1968 വരെ വക്കാലത്തെ തബ്ശീരിൽ Superintendent(സൂപ്പരിൻറ്റെൻഡെന്റ്) എന്ന നിലയിൽ സേവനം ചെയ്തു. 1969 മുതൽ 1982 വരെ അമാനത്ത് നാഇബ് ഓഫീസറായും പ്രവർത്തിച്ചു. 1982 മുതൽ 1986 വരെ നാഇബ് വക്കീലുൽമാൽ ഥാനീയായിരുന്നു. 1985 റിട്ടയേർഡായി. 1989 ജൂൺവരെ റീഎംപ്ലോയി ആയി സേവനം ചെയ്തു. 1986 മുതൽ 1989 വരെ നാഇബ് വക്കീൽ തഅ്മീൽ വ തൻഫീദ് എന്ന നിലയിലും സേവനം ചെയ്തുകൊണ്ടിരുന്നു. കുറഞ്ഞത് 47 വർഷമാണ് അദ്ദേഹത്തിന്റെ സേവനകാലം. പിന്നീട് അദ്ദേഹം തന്റെ മക്കളുടെ അടുത്ത് ജർമനിയിൽവന്നു. വലിയ ഇബാദത്തെടുക്കുന്ന ആളായിരുന്നു. വിപുലമായി വിശുദ്ധ ഖുർആനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും പാരായണം ചെയ്യുന്ന വ്യക്തിയായിരുന്നു. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബങ്ങളിൽ രണ്ടാൺമക്കളും നാലു പെൺമക്കളുമുണ്ട്. നമ്മുടെ മുബല്ലിഗെ സിൽസില ലഈഖ് അഹ്മദ് സാഹിബ് ഇദ്ദേഹത്തിന്റെ ഇളയ സഹോദരനാണ്. ഇവിടെ അൽഫള്ൽ ഇന്റർനാഷണലിൽ വഖ്ഫെ സിൻദഗീ ഉദ്യോഗസ്ഥനായ മലിക് മഹ്മൂദ് ഇദ്ദേഹത്തിന്റെ ചെറിയ മകനാണ്. അല്ലാഹു ഇദ്ദേഹത്തോട് മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറകൾക്കും ആത്മാർഥതയോടും കൂറോടുംകൂടി ജമാഅത്തിനോടും ഖിലാഫത്തിനോടും ബന്ധം വെക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.


## ഹദീഥുന്നബ്വി(സ):

**അക്രിമൂ ഔലാദക്കും**

"നിന്റെ മക്കളെ ബഹുമാനിക്കുക."

**ത്വാലിബെ ദുആ:**

**പി.യൂസുഫും കുടുംബാംഗങ്ങളും**

**മാത്തോട്ടം, കോഴിക്കോട്**

**EDITOR**
**H.Shamsuddin**
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 21 July 2016 Issue-20

**MANAGER**
**NAWAB AHMAD**
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION Rs.300/-**

# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

(തുടർച്ച.......)അതിനുശേഷം പാർലമെന്റംഗമായ Honourable Yen Missmen -അദ്ദേഹത്തിന്റെ ബന്ധം Danish People's Party യുമായിട്ടാണ്-തന്റെ പ്രസംഗത്തിൽ പറഞ്ഞു: നിങ്ങൾക്ക് വളരെ നന്ദി. ലേഡീസ് ആന്റ് ജന്റിൽമാൻ! ആദരണീയരായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്! ഇന്ന് ഞാൻ എന്റെ നിലപാടിൽനിന്ന് മാറി സംസാരിക്കുന്നതാണ്. എനിക്ക് ഇവിടെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുത്ത് വളരെ സന്തോഷമുണ്ട്. ഡാനിഷ് പാർലമെന്റ് മെമ്പർ എന്ന നിലയിലും ഡാനിഷ് പീപിൾസു പാർട്ടിയുമായി ബന്ധപ്പെട്ടയാൾ എന്ന നിലയിലും ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഈ പരിപാടിയിൽ പങ്കെടുക്കുന്നത് ബഹുമതിയായി മനസ്സിലാക്കുന്നു.

അദ്ദേഹം പറഞ്ഞു: ഞാൻ യുവാവായിരിക്കുമ്പോൾ ഇവിടെ ഡെന്മാർക്കിൽ മുസ്ലീംകളുണ്ടായിരുന്നില്ല. എപ്പോഴെങ്കിലും അന്യനാട്ടുകാരനായ മുസ്ലിമിനെ കണ്ടിട്ടുണ്ടെങ്കിലായി. ഞാൻ 1971-ൽ ഡാനിഷ് എയർലൈൻസിൽ ചേർന്നു. ആ കാലത്ത് Egypt എയർലൈൻസിന്റെ പക്കൽ വിമാനങ്ങളുടെ കുറവുണ്ടായിരുന്നു. അതുകൊണ്ട് അവർ ഞങ്ങളുടെ വിമാനങ്ങൾ ഉപയോഗിച്ചിരുന്നു. ഞാൻ ആ നാളുകളിൽ ഖാഹിറയിലായിരുന്നു താമസിച്ചിരുന്നത്. അവിടെ ഈജിപ്റ്റിലെ മുസ്ലീംകളുടെ നിത്യ ജീവിതത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. ഞാൻ ഈജിപ്റ്റിലെ പിരമിഡുകളിൽനിന്ന് നൂറിലേറെ മീറ്ററുകൾ ദൂരത്ത് ഒരു ഹോട്ടലിലാണ് താമസിച്ചിരുന്നത്. അവിടെ ധാരാളമാളുകളുമായി ബന്ധമുണ്ടായി. അവിടെനിന്ന് ഒരുപാട് കപ്പലുകൾ ഹാജിമാരേയും കൊണ്ട് പോയിരുന്നു. സന്തോഷവാന്മാരായ എല്ലാ മുസ്ലീംകളും ശുഭ്രവസ്ത്രങ്ങളായിരുന്നു ധരിച്ചിരുന്നത്. എനിക്കോർമയുണ്ട് കപ്പൽ പുറപ്പെടാൻ പോകുമ്പോൾ ഒരാൾ ദുആ ചെയ്യുമായിരുന്നു. പിന്നിൽ 178 യാത്രക്കാർ ആ വാക്കുകൾ ഏറ്റുപറഞ്ഞിരുന്നു. ഞാൻ നിത്യവും ഈ ദുആ കേട്ടിരുന്നു. കുറച്ചുകാലത്തിനുശേഷം ഞാനും ആ ദുആയിൽ പങ്കെടുക്കാൻ തുടങ്ങി. ഫ്ളൈറ്റ് അനൗൺസ്മെന്റിൽ ഈ വാക്കുകൾ ആവർത്തിച്ചതു കണ്ട് എനിക്ക് അത്ഭുതം തോന്നി. പക്ഷേ, എല്ലാവരും അതിഷ്ടപ്പെട്ടു. ഞാനും ആ വാക്കുകൾ ചൊല്ലിക്കൊണ്ടിരുന്നു. ലബ്ബൈക്ക് അല്ലാഹുമ്മ ലബ്ബൈക്ക് ലബ്ബൈക്ക് ലാ ശരീക്കലക്ക് ലബ്ബൈക്ക് ഇന്നൽഹംദ വന്നിഅ്മത്തലക്ക് വൽമുൽക്ക ലാ ശരീക്കലക്ക് അക്കാലം വളരെ നല്ലതായിരുന്നു. എന്നാൽ, ഇപ്പോൾ അവസ്ഥകൾ മാറി. ഡെന്മാർക്കിലും യൂറോപ്പിലും ധാരാളം മുസ്ലീംകൾ വന്നു കഴിഞ്ഞിരിക്കുന്നു. നമ്മളെല്ലാവരും പരസ്പര സാഹോദര്യത്തോടും സന്തോഷത്തോടും സ്നേഹത്തോടുംകൂടി കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. നിങ്ങളെന്നെ ഈ പരിപാടിയിൽ ക്ഷണിച്ചതിന് നിങ്ങൾക്കു ഒരിക്കൽകൂടി ഞാൻ നന്ദിരേഖപ്പെടുത്തുകയാണ്. ഹുദൂർ അൻവറിനും ഇവിടെ വന്നിട്ടുള്ള നിങ്ങൾക്കെല്ലാവർക്കും നന്ദി.

ഇതിനുശേഷം The Alternative പാർട്ടിയുമായി ബന്ധപ്പെട്ട പാർലമെന്റംഗം ഖീലുെവശില എമൗസ തന്റെ പ്രസംഗത്തിൽ പറഞ്ഞു: ഞാൻ ഹുദൂർ അൻവറിനും മറ്റു ശ്രോതാക്കൾക്കും നന്ദി പറയുകയാണ്. ഞാൻ ഹുദൂർ അൻവറിനെ ഇവിടെ ഡെന്മാർക്കിൽ സ്വാഗതം ചെയ്യുന്നു. ഹുദൂർ അൻവർ 11 വർഷത്തിനുശേഷം നമ്മുടെ തലസ്ഥാനത്ത് വന്നിരിക്കുകയാണ്. ഇത് നമുക്ക് വലിയ സൗഭാഗ്യകരമായ കാര്യമാണ്.

അദ്ദേഹം പറഞ്ഞു: വിവിധമതങ്ങളും രാഷ്ട്രീയപാർട്ടികളും സിവിൽ സൊസൈറ്റികളുടെ വിവിധ ഗ്രൂപ്പുകളും തമ്മിൽ പരസ്പരം ചർച്ചകളുടെ ആവശ്യമുണ്ടന്ന് ഞാൻ മനസ്സിലാക്കുന്നു. ഇക്കാലത്തെ അവസ്ഥകൾ, ഇവിടെ വംശീയവും മതപരവും രാഷ്ട്രീയവുമായ ഗ്രൂപ്പുകളും രാജ്യങ്ങളും തമ്മിലുള്ള പരസ്പര ഭിന്നിപ്പുകൾ ഉച്ചിയിലെത്തി നില്ക്കുകയാണ്. പ്രത്യേകിച്ചും അഭയാർഥി പ്രശ്നങ്ങളുമുണ്ട്. ഇവയെ എല്ലാം നേരിടുന്നതിനുവേണ്ടി മതനേതാക്കൾ സമൂഹത്തിലെ മറ്റു സംഘടനകളുമായി ചർച്ച നടത്തേണ്ടത് വളരെ ആവശ്യമാണ്. ഞാൻ ഹുദൂർ അൻവറിനോടു വളരെ കടപ്പെട്ടിരിക്കുന്നു. അങ്ങയുടെ ശാന്തിയും സാഹോദര്യവും പ്രചരിപ്പിക്കുക, ഭരണത്തേയും മതത്തേയും കൂട്ടി കുഴയ്ക്കാതിരിക്കുക, ആവിഷ്ക്കാര സ്വാതന്ത്ര്യം, ചർച്ചകളുടെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനം എനിക്കറിയാം.

യു.കെ പോലെ ഡെന്മാർക്കിലും ഒരു വലിയ മുസ്ലിം കമ്മ്യൂണിറ്റി നിലവിലുണ്ട്. അവർ സമൂഹത്തിൽ തങ്ങളുടെ പങ്കു നിർവഹിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് രാഷ്ട്രീയക്കാർ എന്ന നിലയിൽ മതപരവും വംശീയവുമായ സംഘങ്ങളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതാണ്. ഇവിടെ ഡെന്മാർക്കിൽ വന്നതിന് ഞാൻ വീണ്ടും ഒരിക്കൽകൂടി ഹുദൂർ അൻവറിന് നന്ദി പറയുകയാണ്. ഞങ്ങളെ ക്ഷണിച്ചതിനും നന്ദി പറയുകയാണ്.

അതിനുശേഷം Minister for Cultural Affairs and the Minister of Eccleciastical Affairs, His Excellency Mr. Bertel Haarder തന്റെ പ്രസംഗത്തിൽ പറഞ്ഞു: മിനിസ്റ്റർ ഓഫ് കൾച്ചർ ആന്റ് ചർച്ച് എന്ന നിലയിൽ ഈ പരിപാടിയിൽ പങ്കെടുക്കുക എന്നതും ഹുദൂർ അൻവറിന്റെ മുമ്പിൽ എന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക എന്നതും എനിക്ക് വളരെ അഭിമാനമുള്ള കാര്യമാണ്. എന്റെ ഉത്തരവാദങ്ങളിൽ ഒന്ന് ഡെന്മാർക്കിൽ വിവിധ മതങ്ങളും വിശ്വാസാദർശങ്ങളുമായി ബന്ധം വെക്കുന്ന ആളുകളിൽ ഐക്യവും ശാന്തിയും വളർത്തുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നതുമാണ്. ഡെന്മാർക്കിൽ 160 വിവിധ മത ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്തവരായിട്ടുണ്ട്. ഇവർക്കെല്ലാവർക്കും മതപരമായ സ്വാതന്ത്ര്യമുണ്ട്. ഇവരിൽ ഒരുപാട് സംഘടനകൾക്ക് തങ്ങളുടെ സ്കൂളുകൾ ഖബ്ർസ്ഥാനുകൾ തുടങ്ങിയവയുണ്ട്. പക്ഷേ, ഇവരിലെല്ലാവരിലും അഹ്മദിയ്യാ ജമാഅത്ത് ഒരു പ്രത്യേക സ്ഥാനമുൾക്കൊള്ളുന്നു എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം ഇവർ തദ്ദേശ സമൂഹത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. കഴിഞ്ഞ 50 വർഷമായി നിങ്ങൾ ഞങ്ങളോടൊത്ത് സമാധാനപരമായ നിലയിൽ ഡെന്മാർക്കിൽ വസിച്ചുവരുന്നു.

ഹുദൂർ അൻവറും നിങ്ങളുടെ ജമാഅത്തും തുറന്ന ഹൃദയത്തോടെ ഞങ്ങളെ സ്വാഗതം ചെയ്യുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിങ്ങൾ 'എല്ലാവരോടും സ്നേഹം' എന്നതിൽ ദൃഢമായും വിശ്വസിക്കുന്നു. ഈ സന്ദേശം ബാഹ്യമായി ചെറുതായി തോന്നാമെങ്കിലും ഒരിക്കലും ചെറുതല്ല. ഇത് അങ്ങേയറ്റം നിർബന്ധമായ സന്ദേശമാണ്. ഇവിടെ വരാനുള്ള എന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. ഹുദൂർ അൻവറിന് ശാന്തിക്കും ഡയലോഗിനുമുള്ള സേവനത്തിന് സലാം സമർപിക്കുന്നതിന് വേണ്ടിയാണ് ഞാൻ ഉൾപ്പെടെ ഭൂരിഭാഗമാളുകളും ഇവിടെ വന്നിട്ടുള്ളത്

അഹ്മദിയ്യാ ജമാഅത്ത് 1889 ലാണ് സ്ഥാപിതമായത്. ഈ ജമാഅത്തിന്റെ സ്ഥാപകൻ അല്ലാഹുവിൽനിന്ന് ഇൽഹാമുകൾ ലഭിച്ച മിർസാ ഗുലാം അഹ്മദായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ അനന്തരാവകാശിയായിരുന്നുവെന്ന് മാത്രമല്ല സത്യവിശ്വാസികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്ന വാഗ്ദത്ത മസീഹുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനമനുസരിച്ച് ജിഹാദ് അടിപിടിയുടെ പേരല്ല. പ്രത്യുത യഥാർഥ ജിഹാദ് സ്നേഹത്തോടെയാണ് ചെയ്യപ്പെടുന്നത്. ഇന്ന് ഡെന്മാർക്കിൽ മദ്രസകളുമായി ബന്ധംവെക്കുന്ന 160 മതഗ്രൂപ്പുകളുണ്ട്. ശാന്തിയും സ്നേഹവും പ്രചരിപ്പിക്കുന്നതിലും വെറുപ്പിന്നെതിരെ പ്രവർത്തിക്കുന്നതിലും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇവരെക്കാളെല്ലാം മുമ്പിലാണെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അതിനു ഞാൻ അഹ്മദിയ്യാ ജമാഅത്തിന് നന്ദി പറയുന്നു. ലോകത്ത് ഭീകരാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ ദുർഘടഘട്ടത്തിൽ നമ്മൾ ആഗ്രഹിക്കുന്നത് ഇതുതന്നെയാണ്. ഇതിൽ അധികം ആക്രമണങ്ങളും പ്രത്യേകിച്ചും ഇസ്ലാമിന്റെ പേരിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ സമർപിക്കപ്പെടുന്ന ഇസ്ലാം തികച്ചും വ്യത്യസ്തമാണെന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതിന് നിങ്ങൾക്കെല്ലാവർക്കും നന്ദി.

അതിഥികളുടെ പ്രസംഗങ്ങൾക്കുശേഷം 6.50 ന് അമീറുൽമുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് സഭാവാസികളെ ഇംഗ്ലീഷിൽ സംബോധന ചെയ്ത് സംസാരിച്ചു.

**അമീറുൽമുഅ്മിനീന്റെ പ്രസംഗം:**

അഊദും ബിസ്മിയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ പറഞ്ഞു: എല്ലാ ആദരണീയരായ അതിഥികൾക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. നിങ്ങളെല്ലാവരിലും അല്ലാഹുവിന്റെ കാരുണ്യങ്ങളും അനുഗ്രഹങ്ങളും ഉണ്ടാകുമാറാകട്ടെ. ഏറ്റവും ആദ്യം ഈ അവസരത്തിൽ ഞങ്ങളുടെ ക്ഷണമനുസരിച്ച് ഈ പരിപാടിയിൽ പങ്കെടുക്കാൻ എത്തിച്ചേർന്നിട്ടുള്ള എല്ലാ അതിഥികൾക്കും ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുകയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇസ്ലാമിലെ ഒരു കക്ഷിയാണ്. അതിന്റെ ഉദ്ദേശ്യലക്ഷ്യം വളരെ വ്യക്തമാണ്. ഞങ്ങൾ മനുഷ്യകുലത്തെ അവരുടെ സ്രഷ്ടാവിന്റെ അടുത്തെത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നു. സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റേണ്ടതിന്റേയും പരസ്പരം സ്നേഹത്തോടും ഐക്യത്തോടും പെരുമാറേണ്ടതിന്റേയും ആവശ്യത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഞങ്ങൾ ലോകത്ത് യഥാർഥവും അനശ്വരവുമായ സമാധാനം സ്ഥാപിതമാകണമെന്ന് ആഗ്രഹിക്കുന്നു. അതിനുവേണ്ടി പരിശ്രമിക്കുന്നു. അഹ്മദി മുസ്ലീംകളായ ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും പ്രവചനം ചെയ്തിട്ടുള്ള വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്നാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തെ സംബന്ധിച്ച് തെളിവിനായിട്ടുള്ള അടയാളങ്ങളെ കുറിച്ചും വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും പ്രവചനം ചെയ്തിട്ടുണ്ട്. ഈ എല്ലാ അടയാളങ്ങളും ഞങ്ങളുടെ ജമാഅത്തിന്റെ സ്ഥാപകരുടെ സത്യത്തിന് അനുകൂലമായി പുലർന്നുകഴിഞ്ഞുവെന്നാണ് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നത്. ചില അടയാളങ്ങളുടെ ബന്ധം മസീഹ് മൗഊദിന്റെ, മഹ്ദി ഇമാമിന്റെ കാലഘട്ടത്തിൽ ഉണ്ടാകുന്ന ഭൗതിക പുരോഗതിയുമായിട്ടായിരുന്നു. ഉദാഹരണമെന്ന നിലയിൽ ലോകത്ത് ആധുനികമായ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്ന ആളുകളെല്ലാം ഒന്നായിത്തീരുന്ന കാലത്തായിരിക്കും മസീഹ് മൗഊദ് അയക്കപ്പെടുക എന്ന് പ്രവചനം ചെയ്യപ്പെട്ടിരുന്നു; പ്രസ്സിന്റേയും മാധ്യമങ്ങളുടേയും സ്ഥാപനം നിലവിൽവന്നു കഴിഞ്ഞിട്ടുണ്ടാകും. (തുടരും)

## ഹദീഥുന്നബ്വി(സ):

**ബജ്ജിലുൽ മശായിഖ്**
"പ്രായമുള്ളവരെ ബഹുമാനിക്കുക"

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഹദീഥുന്നബ്വി(സ)

**തഹാദ്ദൂ തഹാബ്ബൂ**
"പരസ്പരം സമ്മാനം കൊടുക്കുക, സ്നേഹം വർധിപ്പിക്കുക."

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin